# The Light of Cochin

**COCHIN DIOCESAN BULLETIN**

*Patron*
**Rt. Rev. Dr. John Thattumkal**
Bishop of Cochin

*Editor*
**Rev. Dr. Francis Kurisinkal**

*Circulation Manager*
**Rev. Fr. Xavier Chiramel**

Vol. XXXVI SEPTEMBER 2007 No. 9

**ഈ ലക്കത്തിൽ** **പേജ്**


| | |
|---|---|
| പിതാവ് നമ്മോട് | 03 |
| പത്രാധിപക്കുറിപ്പ് | 05 |
| സർക്കുലർ | 06 |
| ചിറക്കൽ ഇടവകയുടെ ഒരു സംക്ഷിപ്ത ചരിത്രം | 21 |
| Lux Mundi | 48 |
| ജൂബിലി വർഷചിന്തകൾ | 51 |
| ജൂബിലി വർഷപരിപാടികൾ - സെപ്റ്റംബർ | 52 |
| ജൂബിലിവർഷ രൂപത വാർത്തകൾ | 56 |


(For Private Circulation only)

Bishop's Engagements 58

Bishop's Diary 60

പ്രീ-കാന കോഴ്സ് 60

പിന്നാമ്പുറം 61






പിതാവ് നമ്മോട്

# നീതിയുടെ പരിണതഫലമാണ് സമാധാനം

**സെ**പ്തംബർ 17-ാം തിയതി അന്താരാഷ്ട്ര സമാധാനദിനമായി ആചരിക്കുകയാണ്. ഓരോ സമാധാനദിനവും കടന്നു വരുമ്പോൾ ഉള്ളിൽ അങ്ങയുടെ ശാന്തിയാൽ നിറയ്ക്കണമെ എന്ന് പ്രാർത്ഥിക്കാം. സമാധാനം എന്നതിന് ശാന്തമായ അവസ്ഥ, മനസ്സിന്റെയും ശരീരത്തിന്റെയും അടക്കം എന്നൊക്കെ വിളിക്കാം. ക്രമത്തിലൂടെ ഉത്ഭൂതമാകുന്ന സ്വച്ഛത എന്ന് വിളിക്കാം.

'ലോകം തരുന്ന സമാധാനം പോലെയല്ല ഞാൻ തരുന്ന സമാധാനം' ക്രിസ്തുവിന്റെ ഈ മൊഴികളെ പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത്, ക്രിസ്തു ആഗ്രഹിക്കുന്ന സമാധാനം ഒരുവന്റെ പരിപൂർണ്ണ വളർച്ചയിൽനിന്ന് ഉരുത്തിരിയുന്ന നന്മയോടുള്ള പ്രതിജ്ഞാ ബന്ധതയാണ്. ലോകം തരുന്നത് സുഖത്തിലൂടെ ഉരുത്തിരിയുന്ന ഒന്നാണ്. സമ്പത്തിനാലും, പ്രശസ്തിയിലും, അധികാരത്താലും മറ്റുമൊക്കെ കരഗതമാകുന്ന ഒരു സമാധാനം. യഥാർത്ഥത്തിൽ നിമിഷനേരം കൊണ്ട് അപ്രത്യക്ഷമാകുന്ന ഒന്നാണത്. ഒരുവൻ നന്മയെ മുറുകെ പിടിക്കുമ്പോൾ സമാധാനത്തിന്റെ അംശം നിരന്തരം അവൻ അറിഞ്ഞോ, അറിയാതെയോ ആവഹിക്കുന്നുണ്ട്. സമാധാനം കാംക്ഷിക്കുന്നവർക്ക് ജീവിതത്തിൽ സത്യത്തിന്റെയും നീതിയുടെയും, ആത്മ വിശ്വാസത്തിന്റെയും, തൃപ്തിയുടെയും അലയടികൾ ദർശിക്കാനാവും. ഈ അലയടികളെ സമാധാനം എന്ന് പേർ വിളിക്കാം. തത്വചിന്തകനായ ബനഡിക്ട് സ്പിനോസ പറയുന്നു: "Peace is not absence of War, it is a Vrtue, a state of mind, a disposition for benevolence, Confidence, Justice."

സമാധാനം എന്നത് ഒരു പുണ്യമാകുമ്പോൾ അത് ഒരിക്കലും മറ്റുള്ളവരുടെ നിർബന്ധത്താലോ, ശക്തിയാലോ കെട്ടിപ്പടുക്കാവുന്ന ഒന്നല്ല. മറിച്ച് സമാന്യവബോധത്തിലൂടെയും, മനസ്സിലാക്കലിലൂടെയും കരഗതമാക്കാവുന്ന ഒന്നാണ്. വസ്തുതകളെ

കാണേണ്ട രീതിയിൽ കാണുന്നതും, കാര്യങ്ങൾ ചെയ്യേണ്ട രീതിയിൽ ചെയ്യുന്നതും വഴി തൃപ്തിയും സ്വസ്ഥതയുമൊക്കെ ഒരുവന് ലഭിക്കുന്നുണ്ട്.

ഉൽപ്പത്തിയുടെ പുസ്തകം 12, 8–9 വാക്യങ്ങൾ വായിച്ചെടുക്കുന്നതിപ്രകാരമാണ് "അബ്രാം ലോത്തിനോടു പറഞ്ഞു: നമ്മൾ തമ്മിലും നമ്മുടെ ഇടയന്മാർ തമ്മിലും കലഹമുണ്ടാകരുത്. കാരണം, നമ്മൾ സഹോദരന്മാരാണ്. ഇതാ ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെ പരിഞ്ഞു പോവുക. ഇടതുഭാഗമാണ് നിനക്ക് വേണ്ടതെങ്കിൽ ഞാൻ വലത്തേക്ക് പൊയ്കൊള്ളാം. വലതു ഭാഗമാണ് നിനക്ക് ഇഷ്ടമെങ്കിൽ ഞാൻ ഇടത്തേയ്ക്ക് പൊയ്കൊള്ളാം." അബ്രാമും, ലോത്തും തമ്മിൽ സമാധാനം സംസ്ഥാപിക്കാൻ, പരസ്പരം മനസ്സിലാക്കി കരുക്കൾ നീക്കുകയാണ് അബ്രഹാം ഇവിടെ ചെയ്യുന്നത്. സമാധാനത്തിന്റെ അന്തഃരീക്ഷം പുലരണമെങ്കിൽ രാജ്യങ്ങളായാലും, വ്യക്തികളയാലും, കുടുംബങ്ങളായാലും പരസ്പരം മനസ്സിലാക്കി ഓരോ കാര്യങ്ങളും നീക്കണം. അപ്പോൾ ജറമിയ ഉദ്ഘോഷിക്കുന്ന സമാധാനത്തിന്റെ നീരൊഴുക്കുണ്ടാകും. "അവർക്ക് സമാധാനവും, ഭദ്രതയും സമൃദ്ധമായി കൊടുക്കും" (ജറമിയ 33, 6). സങ്കീർത്തകൻ പറഞ്ഞുവെയ്ക്കുക നീതിയും സമാധാനവും പരസ്പരം ചുംബിക്കും. യഥാർത്ഥത്തിൽ നീതിയുടെ പരിണതഫലമാണ് സമാധാനം.

സമാധാനത്തിന്റെ വക്താക്കളായി നിലകൊള്ളേണ്ടവരാണ് ക്രിസ്തുശിഷ്യർ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും, മനസ്സുകളെയും ക്രിസ്തുവിൽ കാത്തുകൊള്ളുമെന്ന് പൗലോസ് ശ്ലീഹാ ഉറപ്പു നൽകുന്നു (ഫിലി. 4, 7). എവിടെയും കലഹങ്ങളുടെയും കോലാഹലങ്ങളുടെയും സ്വരങ്ങളാണ് നാം കേൾക്കുന്നത്. തകർക്കാനും, താറടിക്കാനും, തരം താഴ്ത്തി കെട്ടാനും ശ്രമിക്കുന്ന സന്ദർഭങ്ങളാണ് എങ്ങും ഉയരുന്നത്. എങ്കിലും ക്രിസ്തുവിന്റെ സമാധാനമാണ് നമ്മുടെ ഹൃദയങ്ങളെ ഭരിക്കേണ്ടത്. കാരണം ക്രിസ്തുതന്നെയാണ് നമ്മുടെ സമാധാനം (എഫേസൂസ് 2, 14). നമുക്ക് സമാധാനകാംക്ഷികളായി മുന്നേറാം.

നിങ്ങളുടെ പിതാവ്

**✠ ജോൺ തട്ടുങ്കൽ**







## പത്രാധിപക്കുറിപ്പ്

# ജീവിതം : തീർത്ഥാടനമോ വിനോദയാത്രയോ ?

"**മൂ**ന്നാം സഹസ്രാബ്ദത്തിലേയ്ക്ക്" എന്ന തന്റെ അപ്പസ്തോലിക ലേഖനത്തിൽ ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ എഴുതി : " ക്രിസ്തീയ ജീവിതം സ്വർഗ്ഗപിതാവിന്റെ ഭവനം ലക്ഷ്യമാക്കിയുള്ള തീർത്ഥാടനമാണ്" (നമ്പർ 49). ജൂബിലിവർഷ തീർത്ഥാടനത്തിന്റെ വാതിൽപടിയിൽ നിൽക്കുമ്പോൾ മനസ്സിലേയ്ക്കു കടന്നു വന്ന വാക്കുകളിതാണ്. സെപ്റ്റംബർ 22-ാം തിയതി അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിന്റെ നേതൃത്വത്തിൽ 150 തീർത്ഥാടകർ വിശുദ്ധ നാടുകളിലേയ്ക്ക് യാത്ര തിരിക്കുമ്പോൾ, നമുക്ക് അവർക്ക് പ്രാർത്ഥാനപൂർവ്വം മംഗളങ്ങൾ നേരാം. 1300-ൽ ആരംഭിച്ച് നിർവിഘ്നം ഇന്നും തുടരുന്നു ഒരു വിശുദ്ധ പാരമ്പര്യത്തിലെ കണ്ണികളായി മാറുന്നു രൂപതാംഗങ്ങളായ 150 പേർ.

ജൂബിലി തീർത്ഥാടനത്തിന് വളരെ പ്രസക്തിയുണ്ട്. കാരണം ജീവിതത്തെ കേവലം വിനോദയാത്രയായി കാണുന്നവരാണിന്നേറെയും. കടന്നുപോകേണ്ടവരാണ്, ഈ ലോകത്ത് ശാശ്വതമായ ഭവനമില്ല എന്ന ചിന്തകളൊക്കെ നഷ്ടപ്പെട്ടിരിക്കുന്നു. അധികാരസുഖങ്ങളിൽ മയങ്ങിയിരിക്കാനുള്ള വ്യാഗ്രത, സ്ഥാനമാനങ്ങളിൽ മാത്രം ശ്രദ്ധ പതിപ്പിച്ച വ്യക്തികൾ, ഏതു വഴിയിലൂടെയും ധനം ആർജ്ജിക്കാനുള്ള ത്വര, മദ്യത്തിന്റെയും മയക്കുമരുന്നുന്റെയും വ്യാപകമായ ഉപയോഗം, ലൈംഗിക അരാജകത്വം ഇതൊക്കെ തീർത്ഥാടന ചിന്ത നഷ്ടപ്പെട്ട തല മുറയുടെ ബാക്കി പത്രമാണ്. വിനോദസംസ്ക്കാരത്തിന്റെ മരണമണിയാണ് ജൂബിലി തീർത്ഥാടനത്തിൽ മുഴങ്ങുന്നത്. ഓരോ സ്ഥലവും സന്ദർശിച്ച്, ഒരിടത്തും സ്ഥിരമായി നില്ക്കാതെ കടന്നു പോകുമ്പോൾ, മനസ്സിൽ കോറിയിടേണ്ട ചിന്ത ഒന്നുമാത്രം – നാം എല്ലാവരും കടന്നുപോകാനുള്ളവരാണ്. പുതിയ ആകാശവും പുതിയ ഭൂമിയും ലക്ഷ്യമാക്കി യാത്ര ചെയ്യുന്നവരാണ് നമ്മൾ. ജൂബിലി ഭാഷയിൽ ജീവനിറവിലേയ്ക്ക് യാത്ര ചെയ്യുന്നവർ. പുതിയ ആകാശത്തിനും പുതിയ ഭൂമിക്കും വിത്തുപാകിയ മണ്ണിലൂടെ ചരിക്കുമ്പോൾ, ജീവന്റെ ഉറവയെ ദർശിക്കുമ്പോൾ തീർത്ഥാടകന്റെ മനസ്സ് ഊന്നേണ്ട ലക്ഷ്യം അവന് മുന്നിൽ തെളിയുന്നു – നിത്യതയിൽ മനസ്സ് ഊന്നേണ്ടുന്നവൻ – അതാണ് ക്രൈസ്തവൻ. നിത്യതയിൽ മനസ്സ് പതിക്കുമ്പോൾ, ഈ ലോക ജീവിതം ഒരുക്കത്തിന്റെയും നവീകരണത്തിന്റെയും ജീവിതമായി മാറുന്നു. സഭാ പാരമ്പര്യത്തിൽ പ്രായച്ഛിത്തപ്രവൃത്തിയായിട്ടാണല്ലോ തീർത്ഥാടനങ്ങൾ നടത്തിയിരുന്നത്.

അല്ലയോ തീർത്ഥാടകരെ, പോയി വരിക. ജീവിതത്തെ നവീകരിച്ചുകൊണ്ടും ജീവിതം മുഴുവനും തീർത്ഥാടനമാണ് എന്ന ചിന്തയിൽ ആഴപ്പെട്ടുകൊണ്ടും. ഞങ്ങൾ നിങ്ങൾക്ക് പ്രാർത്ഥനാപൂർവ്വം യാത്രാമംഗളങ്ങൾ നേരുന്നു. നിങ്ങൾ ഞങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുക.

**എഡിറ്റർ**

IP / 7 / 2007

# ചരിത്രഗവേഷണ കേന്ദ്രം

വന്ദ്യ വൈദികരേ, സന്ന്യസ്തരേ, വത്സലമക്കളെ,

കൊച്ചി രൂപത ജൂബിലി വർഷത്തിന്റെ ആഹ്ലാദത്തിലാണ്. നമ്മുടെ രൂപത സ്ഥാപിതമായിട്ട് 450 വർഷങ്ങൾ പൂർത്തിയായി എന്ന വസ്തുത വിരൽ ചൂണ്ടുക രൂപതയുടെ സുദീർഘവും സമ്പന്നവുമായ പാരമ്പര്യത്തിലേയ്ക്കാണ്. കേരള സഭയുടേതു മാത്രമല്ല, ഭാരത സഭയുടെയും ശ്രീലങ്ക, ബർമ്മ എന്നീ രാജ്യങ്ങളിലെ സഭകളുടെയും ചരിത്രം കൊച്ചി രൂപതയുടെ ചരിത്രവുമായി അഭേദ്യമായി ബന്ധപ്പെട്ട് നില്ക്കുന്നു. വർത്തമാനകാലം ഉത്തരവാദിത്വത്തോടെ ജീവിക്കുന്നതിന്, ഭൂതകാലത്തെക്കുറിച്ചുള്ള അറിവ് അത്യന്താപേക്ഷിതമാണ്. ഈ ഒരു ബോധ്യത്തിൽ ചുവടുറപ്പിച്ചുകൊണ്ട് നമ്മുടെ രൂപത വലിയ ഒരു സംരംഭത്തിന് തുടക്കം കുറിക്കുകയാണ്. ജൂബിലി വർഷ സ്മാരകമായി **"Vasco de Gama Research Institute of Cochin"** എന്ന പേരിൽ ഒരു ചരിത്ര ഗവേഷണ കേന്ദ്രം നമ്മുടെ രൂപതയിൽ ആരംഭിക്കുന്ന വിവരം സസന്തോഷം അറിയിക്കട്ടെ. പ്രസ്തുത കേന്ദ്രത്തിന്റെ ഡയറക്ടറായി നിയമിതനായിട്ടുള്ള ബഹു. മരിയാൻ അറക്കലച്ചന്റെ നേതൃത്വത്തിലുള്ള ടീം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എല്ലാവരും സഹകരിക്കുക.

ചരിത്രമെന്നത് വെറും ഭൂതകാല പഠനം മാത്രമല്ല. വർത്തമാന കാലത്തിലും ഭാവിയിലും കൂടി അതിന്റെ വെളിച്ചം വീശുന്നു. ഒരർത്ഥത്തിൽ സമകാലീന സാമൂഹിക യാഥാർത്ഥ്യം ഗ്രഹിക്കാൻ ചരിത്രം നമ്മെ സഹായിക്കുന്നു. ഭൂതകാല സംഭവങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്നതാണ് വർത്തമാനകാലം. പിന്നിട്ട വഴികളെക്കുറിച്ചുള്ള അറിവ്, പിന്നിടേണ്ട വഴികളെ കാട്ടിത്തരികയും





ഭാവിയുടെ രൂപീകരണത്തിന് സഹായിക്കുകയും ചെയ്യും എന്നതിൽ രണ്ടുപക്ഷമില്ല.

കൊച്ചി രൂപത, സഭാ ചരിത്രത്തിന്റെ തനിമയും ഗരിമയും പേറുന്ന ദക്ഷിണ്യേയിലെ പല രൂപതകളുടെയും മാതാവാകയാൽ. ചരിത്രത്തിലുള്ള നമ്മുടെ പാരമ്പര്യവും, ശക്തിയും, മാഹാത്മ്യവും, ദൗത്യവും വളരെ വലുതാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ രൂപത ചരിത്ര വസ്തുതകളാൽ വളരെയേറെ സമ്പന്നമാണ്. ഭാരതസഭയുടെ ചരിത്രത്തിൽ മിക്ക സംഭവങ്ങളുടെയും വസ്തുനിഷ്ഠവും കാലാനുക്രമവുമായ വിവരങ്ങൾ അടങ്ങുന്ന "ഹിസ്റ്റോറിക്കൽ ആർക്കൈവ്സും", ഇന്ത്യോ-പോർച്ചുഗീസ് മ്യൂസിയവും നമ്മുക്ക് ഉണ്ട് എന്നത് വളരെ അഭിമാനാർഹമായ ഒന്നാണ്. ഇവയോടുൾച്ചേർന്ന് **"Vasco de Gama Research Institute of Cochin"** എന്ന പേരിൽ ഒരു ചരിത്രഗവേഷണ കേന്ദ്രം ആരംഭിക്കുന്നത് നമ്മുടെ കരുത്തുറ്റ പാരമ്പര്യം മനസ്സിലാക്കുവാനും ചരിത്രാന്വേഷകർക്കും, ചരിത്രഗവേഷകർക്കും വഴികാട്ടിയായി മാറുവാനും സാധിക്കും എന്നതും നിസ്തർക്കമായ കാര്യമാണ്.

ചരിത്ര സംബന്ധമായ റഫറൻസ് ഗ്രന്ഥങ്ങൾ, മറ്റു ചരിത്ര പുസ്തകങ്ങൾ, താളിയോല ഗ്രന്ഥങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ, സുവനീറുകൾ, ബുള്ളറ്റിനുകൾ, എഴുത്തുകുത്തുകൾ, വിലപ്പെട്ട മറ്റ് ചരിത്ര രേഖകൾ, തുടങ്ങിയവ ഗവേഷണ കേന്ദ്രത്തിന് വേണ്ടി ശേഖരിക്കാൻ ആരംഭിക്കുകയാണ്. ഈ ഉദ്യമത്തിൽ എല്ലാ സുമനസ്സുകളും ആത്മാർത്ഥമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചരിത്രാവബോധമില്ലാതെ ഒരു ജനതയ്ക്കും പുരോഗതിയുണ്ടാവില്ലെന്നത് ചരിത്രത്തിന്റെ ഭാഗമാണ്. സഭാ തലത്തിലും സാമൂഹിക തലത്തിലും നവോത്ഥാനത്തിന് **"Vasco de Gama Research Institute of Cochin"** ഏറെ സഹായിക്കും. ഭാരതസഭാ

ചരിത്രത്തിനും, പോർച്ചുഗീസ് ചരിത്രത്തിനും ഒരുപോലെ പ്രധാന്യമുള്ള ഒന്നായിരിക്കും ഈ ഉദ്യമം. ആകയാൽ പ്രിയപ്പെട്ടവരേ, നിങ്ങളുടെ കൈവശമുള്ള ചരിത്രപരമായ അറിവുകൾ നൽകുന്ന ഗ്രന്ഥങ്ങൾ, രേഖകൾ ഇൻസ്റ്റിറ്റ്യൂട്ടിന് സംഭാവനയായി നൽകി ചരിത്രത്തിന്റെ പുനർവായനക്കായി ചരിത്രാന്വേഷകർക്ക് ഒരു ദീപമായി മാറുവാൻ നിങ്ങളാൽ കഴിയാവുന്ന വിധം സഹായിക്കാൻ അഭ്യർത്ഥിക്കുന്നു. ഓരോയിടവകയിലെയും വികാരിയച്ചൻമാർ ഈ സംരംഭത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിലപ്പെട്ടചരിത്രരേഖകളും പുസ്തകങ്ങളും ഗവേഷണ കേന്ദ്രത്തിന് നല്കുവാൻ ആഗ്രഹിക്കുന്നവർക്ക് നമ്മുടെ രൂപതയുടെ ചാൻസലറായ ബഹുമാനപ്പെട്ട ഫ്രാൻസീസ് കുരിശിങ്കൽ അച്ചനെ സമീപിക്കാവുന്നതാണ്.

ചരിത്രത്തിന്റെ കാവലാളാകാനുള്ള ഈ ഉദ്യമത്തിൽ നമ്മുക്ക് കൈകോർക്കാം, പങ്കുകാരാകാം.

*എന്ന്,*

**✠ ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ





# സംയുക്ത സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ മക്കളേ,

കഴിഞ്ഞ വർഷം ഏതാണ്ട് ഇതേ സമയത്ത് കേരളത്തിലെ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന്മാരായ ഞങ്ങൾ സംയുക്തമായി ഒരു ഇടയലേഖനം പുറപ്പെടുവിച്ചു. അതിൽ അന്നു ഞങ്ങൾ എഴുതി: "എപ്പോഴും ന്യായമായ അധികാരത്തെ ആദരിക്കുന്നവരാണ് നമ്മൾ. പക്ഷേ, നമ്മുടെ മൗലികാവശ്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ നിശബ്ദരായിരിക്കാൻ നമ്മൾക്ക് അവകാശമില്ല. മറിച്ച് സംരക്ഷിക്കാനുള്ള ബാദ്ധ്യതയാണുള്ളത്." (കേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ അദ്ധ്യക്ഷന്മാർ 2006 ജൂലൈ മാസം പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനം.) ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള കടന്നുകയറ്റം കൂടുതൽ രൂക്ഷമാവുകയും പ്രതികാരനടപടികൾ ആരംഭിക്കുകയും ദുഷ്പ്രചരണം വ്യാപകമാവുകയും ചെയ്യുന്ന പുതിയ സാഹചര്യത്തിലാണ് ഞങ്ങൾ നിങ്ങൾക്കു വീണ്ടും എഴുതുന്നത്.

സഭയും സമൂഹവും ഗൗരവമായ പ്രശ്നങ്ങൾ നേരിടുമ്പോൾ അതിനോടു പ്രതികരിക്കാനും സമൂഹത്തിന്റെ ഭാവിക്കും സ്വാതന്ത്ര്യത്തിന്റെ പരിരക്ഷയ്ക്കും ജനാധിപത്യമൂല്യങ്ങൾക്കും വേണ്ടി ശബ്ദമുയർത്താനും ഞങ്ങൾക്ക് കടമയും ദൗത്യവുമുണ്ട്. തെക്കെ ആഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരായും ഫിലിപ്പൈൻസിൽ മാർക്കോസിന്റെ ഏകാധിപത്യത്തിനെതിരായും പോളണ്ടിൽ കമ്മ്യൂണിസത്തിനെതിരായും ആഫ്രിക്കൻ നാടുകളിൽ അടിച്ചമർത്തലും അനീതിയും നടത്തുന്ന ഭരണകൂടങ്ങൾക്കെതിരായും ക്രൈസ്തവസഭകൾ ശബ്ദിച്ചതും മനുഷ്യന്റെ മഹത്വം വീണ്ടെടുക്കാൻ ശ്രമിച്ചതും ചരിത്ര സത്യങ്ങളാണ്.

കേരളത്തിലെ വിദ്യാഭ്യാസമണ്ഡലത്തെക്കുറിച്ച് വീണ്ടും എഴുതേണ്ടി വന്നതിൽ ഖേദമുണ്ട്. ഇത് ഭരണകൂടത്തിനെതിരായ രാഷ്ട്രീയ നീക്കമല്ല. ജനാധിപത്യ സംവിധാനത്തെ മാനിക്കുകയും ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുകയും

ചെയ്യുന്ന സഭയുടെ ശുശ്രൂഷകരാണ് ഞങ്ങൾ. എന്നാൽ അധികാരത്തിലിരിക്കുന്നവർ ജനദ്രോഹനടപടികളും ഭരണഘടനാ വിരുദ്ധ സമീപനങ്ങളും നാടിന്റെ കോടതിവിധികളോട് കടുത്ത അസഹിഷ്ണുതയും പുലർത്തുമ്പോൾ പ്രതികരിക്കാതിരിക്കാൻ നിർവ്വാഹമില്ല.

വിദ്യാഭ്യാസം ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു തൊഴിലോ, ധനാഗമമാർഗ്ഗമോ അല്ല. മറിച്ച് ക്രൈസ്തവ വിശ്വാസത്തിൽനിന്ന് ഉയിർക്കൊള്ളുന്ന ഒരു ദൗത്യവും ഉത്തരവാദിത്വവുമാണ്. സെന്റ് പോൾ എഴുതി: "യഹൂദനെന്നോ, ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്ര്യനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല. നിങ്ങളെല്ലാവരും യേശു ക്രിസ്തുവിൽ ഒന്നാണ്" (ഗലാത്തിയ 3:7, 8). കേരളം പോലുള്ള ഒരു നാട്ടിൽ മനുഷ്യന്റെ മഹത്വം സ്ഥാപിച്ചെടുക്കുന്നതിൽ ക്രൈസ്തവ സ്കൂളുകൾ നിർവ്വഹിച്ച പങ്ക് ആർക്കു നിഷേധിക്കാനാവും ? ജാതി, മത, വർഗ്ഗ, ലിംഗ വ്യത്യാസമില്ലാതെ മനുഷ്യനെ അവന്റെ സമഗ്രമായ വളർച്ചയിലേക്കും മഹത്വത്തിലേക്കും നയിക്കുന്നതിനുള്ള മാർഗ്ഗമാണ് വിദ്യാഭ്യാസം. ഓരോ മനുഷ്യനിലും ക്രിസ്തുവിനെ കാണുന്നവരാണ് ക്രിസ്ത്യാനികൾ. മനുഷ്യനെ ദൈവിക മഹത്വത്തിലേക്ക് വിദ്യാഭ്യാസത്തിന്റെ കോവണിയിലൂടെ ഉയർത്താനുള്ള ക്രൈസ്തവ ദൗത്യം ഇവിടെ പുലർത്തിപ്പോകാൻ സാധിക്കാത്ത ഒരവസ്ഥ ഉടലെടുക്കുന്നു എന്ന ആശങ്ക ഞങ്ങൾക്കുണ്ട്.

ന്യൂനപക്ഷാവകാശം ഏതു പരിഷ്കൃത ജനാധിപത്യ വ്യവസ്ഥിതിക്കും അനിവാര്യമായ അവകാശസംരക്ഷണത്തിന്റെ ഭാഗമാണ്. അതവകാശമല്ല ഏതോ ഔദാര്യമാണ് എന്ന വിധത്തിലുള്ള പ്രചാരണം നമ്മുടെ നാട്ടിൽ തകൃതിയായി നടക്കുന്നു. ഈ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടിയാണ് ഇവിടുത്തെ സഭാധികാരികൾ ശബ്ദമുയർത്തുന്നത്. അതവരുടെ സ്വകാര്യവിഷയമാണെന്ന് വരുത്തിത്തീർക്കാൻ ചിലർ ശ്രമിക്കുന്നത് വല്ലാത്ത ആത്മവഞ്ചനയാണ്. ഇവിടുത്തെ ക്രൈസ്തവ സമൂഹത്തിന്റെ അവകാശങ്ങൾ തീറെഴുതിക്കൊടുക്കാൻ ഉത്തരവാദിത്വ





ബോധവും തലമുറകളെക്കുറിച്ചു ചിന്തയുമുള്ള ആർക്കും സാധ്യമല്ല. ന്യൂനപക്ഷാവകാശം സാമ്പത്തിക സാമൂഹ്യ പുരോഗതിക്കുള്ള കാലികമായ അവകാശമല്ല. അത് ന്യൂനപക്ഷത്തിന്റെ മതസംസ്ക്കാരസംരക്ഷണത്തിനും പാലനത്തിനുമുള്ളതാണ്. മതവിരുദ്ധമല്ലാത്ത സെക്കുലർ സംസ്കാരത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ ക്രൈസ്തവ സംസ്കാരം നിലനിർത്താനും പരിപോഷിപ്പിക്കാനും വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്താനുമുള്ളതാണ് ഈ അവകാശം.

സ്വകാര്യ സ്കൂളുകളുടെവരെ ഭരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏല്പിച്ചു കൊടുക്കാനുള്ള സർക്കാരിന്റെ ഇപ്പോഴുള്ള നീക്കം ഗുരുതരമായ പ്രത്യാഘാതങ്ങൾ വിദ്യാഭ്യാസ മണ്ഡലത്തിൽ ഉണ്ടാക്കാൻ പോരുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ സ്വന്തം പാർട്ടിയുടെ പ്രത്യായശാസ്ത്രം വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ അടിച്ചേല്പിക്കാൻ വ്യഗ്രത കാണിക്കുകയും പൊതുജനങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കാതിരിക്കുകയും ചെയ്യുന്നത് തെറ്റാണ്. അക്കാദമിക് കാര്യങ്ങളിലോ സ്കൂളിന്റെ നടത്തിപ്പിലോ പ്രാദേശിക ഭരണ സമിതികൾ ഇടപെടുന്നത് തികച്ചും അസ്വീകാര്യമാണ് എന്നും പറയട്ടെ. അധികാരവികേന്ദ്രീകരണ നിയമം നേരത്തെയുള്ളതാണെങ്കിലും അതിന്റെ പേരിൽ എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിലേക്കുള്ള തദ്ദേശസ്വയംഭരണസമിതിയിലെ പാർട്ടിയംഗങ്ങളുടെ കടന്നുകയറ്റം പുതിയ അനുഭവമാണ്. നിയമവിരുദ്ധമായ ഈ നീക്കം അംഗീകരിക്കാനാവില്ല.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും (Establish) നടത്തിക്കൊണ്ടുപോകാനും (Administer) ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കു നല്കിയിട്ടുള്ള അവകാശത്തിൽ പഞ്ചായത്തിന്റെ പേരിലോ മറ്റ് ഏതെങ്കിലും വിധത്തിലോ കടന്നു കയറാൻ ആരെയും അനുവദിക്കുന്ന പ്രശ്നമില്ല എന്ന് അർത്ഥശങ്കയില്ലാതെ വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

സർക്കാരിന് എയ്ഡ്ഡ് സ്ഥാപനങ്ങളിലുള്ള അധികാരം ഇന്ന് സ്വയംഭരണ സ്ഥാപനങ്ങൾക്കു കൈമാറാനുള്ള നീക്കം അപകടകരമാണ്. കക്ഷി രാഷ്ട്രീയത്തിനതീതരായ ഭരണാധികാരികളുടെ സ്ഥാനത്ത് കക്ഷി രാഷ്ട്രീയക്കാർ സ്കൂളുകൾ

ഭരിക്കാൻ തുടങ്ങിയാൽ വിദ്യാഭ്യാസ മണ്ഡലം രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകമായി അധഃപതിക്കും. ഇത് കേരള സമൂഹം മുഴുവൻ മനസ്സിലാക്കുകയും പ്രതികരിക്കുകയും ചെയ്യേണ്ട വിഷയമാണ്.

ധാർമ്മികത പഠിപ്പിക്കാതെയുള്ള ലൈംഗീക വിദ്യാഭ്യാസ പദ്ധതിയും, ഞായറാഴ്ചകൾ അധ്യാപക പരിശീലന പരിപാടി കൾക്കായി മാറ്റി വച്ച് ഞായറാഴ്യാചരണം അട്ടിമറിയ്ക്കുന്നതും, ഹയർ സെക്കണ്ടറി പ്രവേശനത്തിൽ ഏകജാലക സമ്പ്രദായം ഏർപ്പെടുത്തി നമ്മുടെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥി പ്രവേശന ത്തിൽ അനധികൃതമായി ഇടപെടുന്നതും, തങ്ങളുടെ പിണിയാ ളുകളെ നമ്മുടെ സ്ഥാപനങ്ങളിൽ തിരുകികയറ്റുന്നതും, അനേകം കോളേജുകളിലെയും ഹയർ സെക്കണ്ടറികളിലെയും പ്രിൻസിപ്പൽ നിയമനം തടഞ്ഞുവച്ചിരിക്കുന്നതും യഥാർത്ഥത്തിൽ ന്യൂനപക്ഷ പീഢനം തന്നെയാണ്. ന്യൂനപക്ഷവിരുദ്ധമായ ഉത്തരവുകളും നിയമങ്ങളും റദ്ദു ചെയ്യാൻ എപ്പോഴും നമ്മൾ കോടതികളെ സമീപി ക്കേണ്ടി വരുന്നു. കോടതികൾ തങ്ങളുടെ ജനാധിപത്യപരമായ കടമ നിർവ്വഹിക്കുമ്പോൾ വിദ്യാർത്ഥി യുവജന സംഘടനകൾ അവരെ അപമാനിക്കാനും, ഭീഷണിപ്പെടുത്താനും തുനിയുന്നു. സർക്കാരാകട്ടെ അതെല്ലാം കണ്ടില്ലെന്ന് വയ്ക്കുകയോ നിശ്ശബ്ദം പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നു.

കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോഴും അനിശ്ചിതത്വത്തിലും ആയിരക്കണക്കിന് വിദ്യാർത്ഥി കളുടെ പ്രൊഫഷണൽ വിദ്യാഭ്യാസം ആശങ്കയിലുമാണ്. ദുഃഖ ത്തോടെ എഴുതട്ടെ, അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകി ക്കൊണ്ടിരിക്കുന്ന ഈ നാട്ടിലെ യുവാക്കൾക്ക് ഇവിടെത്തന്നെ നല്ല പ്രൊഫഷണൽ വിദ്യാഭ്യാസം നടത്താൻ മുന്നോട്ടുവന്ന ക്രൈസ്തവ സഭകളെ ശിക്ഷിക്കണമെന്ന നിർബന്ധത്തിലാണ് ഇവിടത്തെ ഭരണകൂടം. ഈ സംരംഭത്തിന് ഇറങ്ങിപ്പുറപ്പെട്ടവർ അഴിമതിക്കാരും വിദ്യാഭ്യാസ കച്ചവടം നടത്തുന്നവരുമാണ് എന്ന ആരോപണങ്ങൾ തത്പരകക്ഷികളിൽനിന്നും നിരന്തരം കേൾക്കുന്നു. കേരളത്തിനു പുറത്ത് എത്ര ഫീസു കൊടുത്തു





പഠിക്കുന്നതിലും സർക്കാരിനു പ്രശ്നമില്ല. ഇവിടെ നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കാനും നടത്തിക്കൊണ്ടു പോകാനും പറ്റാത്തവിധം ഭീഷണിയുടെയും അക്രമത്തിന്റെയും നടപടികൾ നമ്മൾ നേരിടുന്നു.

സ്വാശ്രയ സ്ഥാപനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം സുപ്രീം കോടതി കല്പിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കാൻ സന്നദ്ധത കാണിക്കാത്ത സർക്കാരും, ഭരണകക്ഷി യുടെ പോഷക സംഘടനകളുമാണ്.

സുപ്രീം കോടതി നിരോധിച്ച ക്രോസ് സബ്സിഡി ഇവിടെ നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ 50:50 ശതമാനത്തിൽ കുട്ടികളെ പഠിപ്പിച്ചുകൊള്ളുമെന്നു സമ്മതിച്ചു എന്നു പറയുന്നതു ശരിയല്ല. മാത്രമല്ല, രണ്ടു സ്വാശ്രയ കോളേജ് സമം ഒരു സർക്കാർ കേളേജ് എന്ന ഫോർമൂല ഏതോ അംഗീകൃതമായ ധാർമ്മിക സത്യം പോലെയാണ് അനേകർ പറഞ്ഞുകൊണ്ടു നടക്കുന്നത്. ഭാരതത്തിന്റെ പരമോന്നത കോടതിയുടെ ഭരണഘടനാ ബഞ്ച് ഇത് അനീതിപരമവും അധാർമ്മികവുമാണെന്ന് വിധിച്ചു. സർക്കാർ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി വലിയ തുകയാണ് സർക്കാർ ചെലവഴിക്കുന്നത്. സാധാരണക്കാരിൽനിന്നു പിരിക്കുന്ന നികുതിപ്പണം കൊണ്ട് സമ്പന്നരെയാണ് പഠിപ്പിക്കുന്നത് എന്ന് കോടതി കണ്ടെത്തി. എന്നാൽ സർക്കാർ ഇപ്പോൾ ആവശ്യപ്പെടുന്നത് സ്വാശ്രയ കോളേജുകൾ 50 ശതമാനം കുട്ടികളെ ഇങ്ങനെ കുറഞ്ഞ ഫീസിൽ പഠിപ്പിക്കണമെന്നതാണ്. ഈ കുറവു നികത്താനുള്ള പണംപോലും സ്വാശ്രയ കോളേജുകൾക്ക് സർക്കാർ നല്കുക യില്ല. ഒരു സർക്കാർ കോളേജിന് ചെലവഴി ക്കുന്ന പണം രണ്ടു സ്വാശ്രയ കോളേജിന് നല്കികൊണ്ട് ഇത് പറഞ്ഞാൽ മനസ്സി ലാക്കാമായിരുന്നു. മറിച്ച് ക്രൈസ്തവ സഭകൾ തങ്ങളുടെ സമൂഹത്തിന്റെ സമ്പത്തു കൊണ്ടുണ്ടാക്കിയ സ്ഥാപനങ്ങളിൽ അവരുടെ സമുദായത്തിലെ കുട്ടികളിൽനിന്നു തന്നെ അധിക ഫീസ് ഈടാക്കി സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിലെ കുട്ടികളെ

സൗജന്യ നിരക്കിൽ പഠിപ്പിക്കണമെന്നു പറയുന്നത് നീതിക്കു നിരക്കാത്തതാണ്. സ്ഥാപനം നടത്തുന്നവരെയും അവരുടെ സമുദായത്തെയും ശിക്ഷിക്കുന്നതിനു തുല്യമാണിത്. മാത്രമല്ല ഇത് ന്യൂനപക്ഷങ്ങളോടു ചെയ്യുന്ന അനീതിയുമാണ്. ക്രൈസ്ത സമുദായത്തിന്റെ കുട്ടികളുടെ മേൽ അധിക ഫീസ് ചുമത്താൻ നിർബന്ധിക്കുന്ന സർക്കാരിന്റെ അനീതിക്കെതിരായാണ് സഭാദ്ധ്യക്ഷന്മാരായ ഞങ്ങൾ ക്രൈസ്ത സമൂഹത്തിനുവേണ്ടി പ്രതികരിക്കുന്നത്. കുറെ വിദ്യാർത്ഥികളെ മാത്രം സർക്കാർ വിദ്യാർ ത്ഥികളാക്കി സംരക്ഷിക്കുന്നത് ചിറ്റമ്മനയമാണ്. മാത്രമല്ല സമ്പന്നരെ നികുതി ചുമത്തി പാവങ്ങളെ പഠിപ്പിക്കുന്നതിനുപകരം പാവങ്ങളെ പിഴിഞ്ഞ് സമ്പന്നരെ പഠിപ്പിക്കണമെന്നാണ് ഇവിടുത്തെ സർക്കാർ ആവശ്യപ്പെടുന്നത്. അതു സാധ്യമല്ല എന്ന ഉറച്ച നിലപാടാണ് നമ്മുടേത്.

പ്രവേശനം, ഫീസ്നിർണ്ണയം എന്നീ കാര്യങ്ങളിൽ ഭാരതത്തിന്റെ പരമോന്നത കോടതി നല്കിയിട്ടുള്ള അവകാശങ്ങൾ ഉപേക്ഷിക്കാൻ നമുക്കാവില്ല. അതേ സമയം സുതാര്യവും മെറിറ്റ് അടിസ്ഥാനത്തിലുള്ളതും ദരിദ്ര വിഭാഗങ്ങൾക്കു പ്രത്യേകാനുകൂല്യങ്ങൾ നല്കുന്നതും താരതമ്യേന ഫീസ് കുറഞ്ഞതുമായ ഒരു വ്യവസ്ഥയാണ് ക്രൈസ്തവ സ്വാശ്രയ സ്ഥാപനങ്ങൾ പിന്തുടരുന്നത്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും അവശ വിഭാഗത്തിൽപ്പെട്ട ക്രൈസ്തവർക്കും ക്രൈസ്തവ കോളേജുകളിൽ പ്രത്യേക പരിഗണനകളും സംവരണവും ഉണ്ടായിരിക്കും.

നല്ല വിദ്യാഭ്യാസവും ശിക്ഷണവും മൂല്യബോധനവുമുള്ള യുവാക്കളാണ് നാളെയുടെ ഭാവി. അതു മനസ്സിലാക്കുന്ന രക്ഷകർത്താക്കൾ നല്ല വിദ്യാഭ്യാസം മക്കൾക്കു നല്കാൻ നെട്ടോട്ടത്തിലാണ്. ഈ വ്യഗ്രതയൊന്നും ഇവിടുത്തെ ഭരണകൂടത്തിനില്ല എന്നു മാത്രമല്ല, സമൂഹത്തിന്റെ വികസനത്തിന് അവർ വിലങ്ങുതടിയായും മാറുന്നു എന്ന സങ്കടം ഞങ്ങൾക്കുണ്ട്. ചില പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന ത്തിൽ എല്ലാം പൊതു മേഖലയിൽ കൊണ്ടുവരുന്ന ഭരണരീതിയുടെ ഫലമായി വികസനം മുരടിച്ച് സാമ്പത്തികമായും സാമൂഹ്യമായും തകർന്നടിഞ്ഞ രാജ്യങ്ങളുടെ





ചിത്രം നമ്മുടെ മുന്നിലുണ്ട്. ഒടുവിൽ അവർക്ക് പങ്കുവയ്ക്കാനുണ്ടായിരുന്നത് ദാരിദ്ര്യവും അരാജകത്വവു മായിരുന്നു എന്നതാണ് യാഥാർത്ഥ്യം.

കേരളത്തിലെ വിദ്യാഭ്യാസ സാമൂഹ്യ വളർച്ചയിൽ എൻ.എസ്സ്.എസ്സും., എസ്.എൻ.ഡി.പി.യും പോലുള്ള സാമുദായിക സംഘടനകൾ നൽകിയിട്ടുള്ള സംഭാവനകളെ ആദരവോടെയാണ് ക്രൈസ്തവ സഭകൾ കാണുന്നത്. അതുപോലെ എം.ഇ.എസ് പോലെയുള്ള വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനങ്ങളെയും, സർക്കാർ കടന്നു ചെന്നിട്ടില്ലാത്ത മേഖലകളിലുള്ള ബുദ്ധിമാന്ദ്യമുള്ളവർക്കുവേണ്ടിയുള്ള പരിശീലനകേന്ദ്രങ്ങളിലും, വികലാംഗർക്കുവേണ്ടിയുള്ള സ്കൂളുകളിലും, എയ്ഡ്സ് രോഗികളുടെയും മരണാസന്നരേയും ശുശ്രൂഷിക്കുന്ന കേന്ദ്രങ്ങളിലും വളരെ നല്ലപങ്കും സഭകളുടെ നേതൃത്വത്തിലാണ് എന്ന കാര്യവും നമ്മൾ ഓർക്കേണ്ടതുണ്ട്.

ക്രൈസ്തവർ വിദ്യാഭ്യാസ സംരംഭത്തിൽ ഏർപ്പെടുന്നത് നാടിന്റെ വെറും സാമ്പത്തിക പുരോഗതിക്കുവേണ്ടി മാത്രമല്ല. നമ്മുടെ നാട് ഇന്ന് അഴിമതിയിൽ കുളിച്ചുനിൽക്കുന്നു എന്നു തോന്നിപ്പോകുന്നു. മൂല്യപ്രതിബദ്ധതയുള്ള നേതാക്കളുണ്ടോ എന്ന വലിയ ആശങ്ക സമൂഹത്തിൽ അതു ജനിപ്പിക്കുന്നു. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈശ്വരചിന്തയുടെയും മൂല്യശിക്ഷണത്തിന്റെയും പാഠശാലകളാകുന്നില്ലെങ്കിൽ നാം അടിസ്ഥാനമില്ലാത്ത വീടുപണിയുന്ന അവിവേകികളാകും. നീതിമാന്മാരുടെ സാന്നിധ്യത്തിലാണ് സമൂഹങ്ങൾ സോദോം ഗൊമോറകളാകാതിരിക്കുന്നത്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചെയ്യുന്ന ഇങ്ങനെയുള്ള സാമൂഹിക സാംസ്കാരിക ദൗത്യ നിർവഹണത്തിൽ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാവരുതെന്ന് ഞങ്ങൾ ഏകകണ്ഠമായി എല്ലാവരോടും അഭ്യർത്ഥിക്കുന്നു. ക്രൈസ്തവ സഭകൾക്ക് ഇക്കാര്യത്തിൽ ഒരേ നിലപാടാണുള്ളതെന്ന് പ്രഖ്യാപിക്കാനും ഈ അവസരം ഉപയോഗിക്കുന്നു.

പ്രശ്നങ്ങളിൽ സമചിത്തതയും സൗഹൃദവും മൂല്യപ്രതിബദ്ധതയും നമുക്കു കാത്തുസൂക്ഷിക്കാം. ക്രിസ്തു കാണിച്ച

സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും വഴിയിലൂടെ നടക്കുമ്പോൾ വേദനകളും പ്രതിസന്ധികളും നമ്മൾക്കുണ്ടാകും. ദൈവത്തിന്റെ വഴിയേ നടക്കാനുള്ള വെളിച്ചവും കൃപയും ഭരണാധികാരികൾക്കും ജനങ്ങൾക്കും നമുക്കെല്ലാവർക്കും ഉണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കേരളത്തിലെ ക്രൈസ്തവ മെത്രാന്മാർക്കുവേണ്ടി,

1. മാർ വർക്കി കാർഡിനൽ വിതയത്തിൽ
   (സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്)
2. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് ഒന്നാമൻ
   (മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാബാവാ)
3. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം
   (മാർത്തോമ്മാ മെത്രാപ്പോലീത്ത)
4. ബസേലിയോസ് മാർ തോമസ് ഒന്നാമൻ
   (മലങ്കര യാക്കോബായ സഭയുടെ കാതോലിക്കാബാവാ)
5. മോസ്റ്റ് റവ. ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ
   (വരാപ്പുഴ ആർച്ചുബിഷപ്പ്)
6. മാർ ബസേലിയോസ് ക്ലീമിസ്
   (മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്)
7. റൈറ്റ് റവ. ഡോ. തോമസ് സാമുവൽ
   (സി.എസ്.ഐ. മധ്യകേരളാ മഹാ ഇടവക ബിഷപ്പ്)





LP / 8 / 2007

# ഓസാനാം ദിനം

പ്രിയ വൈദിക സഹോദരങ്ങളെ, സന്യസ്ഥരേ, മക്കളേ,

പരസ്നേഹ പ്രവർത്തനങ്ങളുടെ പ്രസക്തിയും മാഹാത്മ്യവും അനുഭവവേദ്യമാക്കിക്കൊണ്ടുള്ള ഒരു ആധികാരിക രേഖ ക്രൈസ്തവ സമൂഹത്തിന് അടുത്തകാലത്ത് ലഭിക്കുകയുണ്ടായി. "ദൈവം സ്നേഹമാകുന്നു" എന്ന, ബെനഡിക്ട് 16-ാമൻ മാർപ്പാപ്പയുടെ പ്രഥമ ചാക്രികലേഖനം, സ്നേഹത്തെപ്പറ്റിയുള്ള സഭാദർശനത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ പ്രബോധനമാണ്. സുവിശേഷപ്രഘോഷണവും കൂദാശകളുടെ പരികർമ്മവും പോലെതന്നെ പരസ്നേഹപ്രവർത്തനവും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന ഘടകമാണെന്നും, വികസിതവും നീതിനിഷ്ഠവുമായ ഏതു സമൂഹത്തിലും പരസ്നേഹ പ്രവർത്തനത്തിന്റെ പ്രസക്തി ഇല്ലാതാകുന്നില്ലെന്നും ഈ രേഖ വ്യക്തമാക്കുന്നു. സ്നേഹമാകുന്ന ദൈവത്തെ തള്ളിപ്പറഞ്ഞിട്ട് മനുഷ്യനെ രക്ഷിക്കാനാവില്ലെന്ന സത്യവും ഈ ചാക്രിക ലേഖനത്തിലൂടെ പ: പിതാവ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ദൈവത്തെ അനുഭവിച്ചറിയാനുള്ള മാർഗ്ഗങ്ങളായ പ്രാർത്ഥനയും അയൽക്കാരനോടുള്ള സ്നേഹവും അതിന്റെ പൂർണ്ണതയിൽ ഉൾക്കൊണ്ട് ജീവിക്കുകയും സമൂഹത്തിൽ ഈ സന്ദേശം പ്രാവർത്തികമാക്കുവാൻ ശ്രമിക്കുകയും ചെയ്ത ഒരു വ്യക്തിയാണ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക്ക് ഓസാനാം. അദ്ദേഹത്തിന്റെ ചരമദിനമായ സെപ്തംബർ 9-ാം തീയതി ലോകമെമ്പാടുമുള്ള വിൻസെൻഷ്യൻ പ്രവർത്തകർ 'ഓസാനാം ദിന'മായി ആചരിക്കുന്നു. ഈയവസരത്തിൽ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെക്കുറിച്ചും അതിന്റെ സ്ഥാപകനെക്കുറിച്ചുമുള്ള ചില ചിന്തകൾ നിങ്ങളുടെ മനസ്സിലേക്ക് കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഫ്രെഡറിക്ക് ഓസാനാം നിയമ പഠനം നടത്തിയ 1830 കാലഘട്ടത്തിൽ, യുദ്ധത്തിന്റെ കെടുതികളും പകർച്ചവ്യാധികളും

മൂലം നരകയാതന അനുഭവിച്ചിരുന്ന പാരീസിലെ ജനങ്ങൾക്കിടയിൽ നിന്നുകൊണ്ട് ഭൗതികവാദികൾ ക്രിസ്തുമതത്തെ രൂക്ഷമായി വിമർശിച്ചിരുന്നു. ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കുമെന്ന് അവകാശപ്പെട്ടിരുന്ന സെന്റ് സിമോണിയൻമാരുടെ യുക്തിചിന്തകൾ ചർച്ച ചെയ്യപ്പെട്ടിരുന്ന സദസ്സുകളിൽ വെച്ച് ഒരിക്കൽ ഫ്രെഡറിക്ക് ഓസാനാമിനു നേരെ ഒരു വെല്ലുവിളി ഉയർന്നു: "കത്തോലിക്കരെന്നഭിമാനിക്കുന്ന നിങ്ങൾ പാവങ്ങൾക്കുവേണ്ടി എന്തു ചെയ്യുന്നു? ഞങ്ങൾക്ക് നിങ്ങളുടെ പ്രസംഗമല്ല വേണ്ടത്, നിങ്ങളുടെ പ്രവർത്തികൾ ഞങ്ങളെ കാണിച്ചു തരിക." ഈ വെല്ലുവിളി ഫ്രെഡറിക്ക് ഓസാനാമിന്റെ ഹൃദയത്തിൽ ഏൽപ്പിച്ച ആഘാതമാണ്, 1833-ൽ അന്ന് 20 വയസ്സുമാത്രം പ്രയമുള്ള ഒരു നിയമവിദ്യാർത്ഥിയായിരുന്ന ഫ്രെഡറിക്ക് ഓസാനാമിനെ പാവങ്ങളുടെ ഉന്നമനത്തിനായുള്ള ഒരു സൊസൈറ്റി സ്ഥാപിക്കാൻ പ്രേരിപ്പിച്ചത്. സൊസൈറ്റിയുടെ ആദ്യരൂപമായി അറിയപ്പെട്ടിരുന്ന 'ഉപവികോൺഫറൻസ്', അധികം താമസിയാതെതന്നെ, തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആത്മീയചേതന നൽകുന്നതിന് മാതൃകയായി സ്വീകരിച്ച സെന്റ് വിൻസെന്റ് ഡി പോളിന്റെ നാമധേയത്തിലേക്ക് മാറ്റുകയുണ്ടായി. സംഘടനയുടെ ശാഖകൾ ഇന്ന് എല്ലാ രാജ്യങ്ങളിലും പടർന്നു പന്തലിച്ചുകഴിഞ്ഞു. 132 രാജ്യങ്ങളിലായി ലക്ഷക്കണക്കിന് പ്രവർത്തകർ ഈ സംഘടനയിൽ ഇപ്പോൾ അംഗങ്ങളായുണ്ട്. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും വിൻസെൻഷ്യൻ പ്രവർത്തനം സജീവമാണ്. ഇടവകതലത്തിലുള്ള യൂണിറ്റുകളെ കോൺഫറൻസുകൾ എന്ന് അറിയപ്പെടുന്നു.

ആഗോളതലത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നത് പാരീസിലെ കൗൺസിൽ ജനറലാണ്. ഇടവകയിൽ തുടങ്ങുന്ന ഓരോ കോൺഫറൻസിന്റേയും പ്രവർത്തനം ഒരു വർഷത്തിനു ശേഷം വിലയിരുത്തുകയും സംഘടനയുടെ നിയമാവലി അനുസരിച്ചുള്ള പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ടെന്ന് ഉപരി കൗൺസിലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ, ആഗോള സംഘടനയിലെ ഒരംഗമായി ആ യൂണിറ്റിനെ കൗൺസിൽ ജനറൽ അംഗീകരിക്കുന്നു.





കൗൺസിൽ ജനറലിന്റെ കീഴിൽ ഓരോ രാജ്യത്തും 'നാഷണൽ കൗൺസിലുകൾ' പ്രവർത്തിക്കുന്നു. ഇന്ത്യയിലെ നാഷണൽ കൗൺസിലിന്റെ ആസ്ഥാനം മുംബൈയിലാണ്. സംസ്ഥാനതലത്തിൽ കേരളാ റീജിയൻ ജനറൽ കൗൺസിലും, നമ്മുടെ രൂപതയിൽ കൊച്ചിൻ സെൻട്രൽ കൗൺസിലും ഈ ഉപവിപ്രവർത്തന സംരംഭങ്ങൾക്ക് നേതൃത്വം നൽകുന്നു. അങ്ങിനെ, വളരെ സുതാര്യമായ ഒരു ഭരണസംവിധാനവും കർശനമായ നിയമാവലിയും അനുസരിച്ച് സംഘടന പ്രവർത്തിക്കുന്നു. നിലവിൽ, രൂപതയിലെ 92 കോൺഫറൻസുകളിലായി 719 അംഗങ്ങൾ ഈ കർമ്മരംഗത്ത് സേവനം ചെയ്യുന്നുണ്ട്.

വിൻസെൻഷ്യൻ കോൺഫറൻസുകളുടെ പ്രധാന പ്രവർത്തനം, നിർദ്ധനരായ ഏതാനും കുടുംബങ്ങളെ ദത്തെടുക്കുകയും അവരെ സംരക്ഷിക്കുകയും ചെയ്യുകയെന്നതാണ്. ആഴ്ചയിൽ ഒരിക്കലെങ്കിലും പ്രവർത്തകാംഗങ്ങൾ ഈ കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും അവർക്കുവേണ്ടതായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഓരോ കോൺഫറൻസും പാവപ്പെട്ട ഒരു വിദ്യാർത്ഥിയെ എങ്കിലും വളരെ താഴ്ന്ന ക്ലാസ്സിൽ വച്ചുതന്നെ ദത്തെടുക്കുകയും ആ കുട്ടിയുടെ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ സഹായിക്കണമെന്ന നിർദ്ദേശവും നിലവിലുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുവാനും ചികിത്സ, വീട് റിപ്പയറിംഗ് മുതലായവയ്ക്കും ഓരോ കോൺഫറൻസും തങ്ങളുടെ കഴിവിനനുസരിച്ചുള്ള സഹായങ്ങൾ നൽകിവരുന്നു. പ്രതിവാര യോഗങ്ങളിൽ അംഗങ്ങൾ നൽകുന്ന രഹസ്യപ്പിരിവ്, ഇടവയിലെ സഹകാരികളിൽ നിന്നുള്ള സംഭാവന, വിദേശത്തു നിന്നു ലഭിക്കുന്ന ടിന്നേജ് എന്നിവയാണ് സംഘടനയുടെ പ്രവർത്തനമൂലധനം. യാതൊരുവിധ പരസ്യ പ്രചാരണങ്ങളുമില്ലാതെ, തികച്ചും നിശ്ശബ്ദ മായ പ്രവർത്തന ശൈലിയാണ് വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ മുഖമുദ്ര. തങ്ങൾ സഹായിക്കുന്നവരുടെ വ്യക്തിത്വവും അന്തസ്സും നിലനിർത്തുന്നതിന് ഇത് ഏറെ ഗുണകരമാണെന്ന് പറയേണ്ടതില്ലല്ലോ.

വർഷങ്ങൾക്കുമുമ്പ് ക്രൈസ്തവ സഭയ്ക്കുനേരെ സെന്റ് സിമോണിയൻമാർ ഉയർത്തിയ വെല്ലുവിളിക്ക് ഇന്നും പ്രസക്തിയുണ്ട്. ക്രൈസ്തവരായ നാം പാവപ്പെട്ടവർക്കുവേണ്ടി എന്തു ചെയ്യുന്നു? നമ്മുടെ പ്രസംഗമല്ല, പ്രവർത്തിയാണ് സമൂഹം

നമ്മോട് ആവശ്യപ്പെടുന്നത്. ഈ ആവശ്യത്തോട് പരിശുദ്ധ പിതാവിന്റെ ചാക്രിക ലേഖനം കൂട്ടിവായിക്കുമ്പോൾ ചിത്രം കൂടുതൽ വ്യക്തമാവുന്നു. സഭാമക്കൾ ഏറ്റെടുത്തു നടത്തുന്ന പരസ്നേഹ പ്രവർത്തങ്ങളാണ് ഇന്നിന്റെ ആവശ്യം. സാന്ത്വനവും സഹായവും അർഹിക്കുന്ന വളരെയേറെ മനുഷ്യർ നമുക്കുചുറ്റുമുണ്ട്. സമൂഹത്തിന്റെ ആന്തരാളങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ നമുക്കതു മനസ്സിലാവും. തന്റെ അയലത്തുള്ള ഒരു കുടുംബത്തിന്റെ ദുർഗ്ഗതി പത്രത്താളുകളിലൂടെ അറിഞ്ഞ് സഹായഹസ്തവുമായി എത്തുമ്പോഴേയ്ക്കും വളരെ വൈകിയെന്നിരിക്കും. സന്നദ്ധസംഘടനകളുടെ ജാഗരൂകതയും സമയോചിതമായ ഇടപെടലും ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാൻ സഹായകമാവട്ടെ!.

രൂപതയിലെ എല്ലാ വിശ്വാസികളുടേയും അകമഴിഞ്ഞ സഹായസഹകരണത്താൽ നിലനിൽക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പരസ്നേഹ പ്രവർത്തന കൂട്ടായ്മയിൽ തുടർന്നും പങ്കുചേരുവാൻ ഈ ഓസാനാം ദിനാചരണം പ്രേരകമാവട്ടേയെന്ന് ആശംസിക്കുന്നു. "നിങ്ങളിൽ എളിയ ഒരുവന് ഇതു ചെയ്തപ്പോഴെല്ലാം എനിക്കുവേണ്ടിത്തന്നെയാണ് നിങ്ങൾ ചെയ്തത്." എന്ന തിരുവചനം അന്വർത്ഥമാക്കുവാൻ ശ്രമിക്കുന്ന സൊസൈറ്റിയുടെ കർമ്മപരിപാടികളിൽ നാമോരോരുത്തരുടേയും പങ്ക് നമുക്ക് നൽകാം. ഓസാനാം ദിനമായ അടുത്ത ഞായറാഴ്ചയിലെ കുർബാനമദ്ധ്യേ നടത്തുന്ന സ്തോത്രക്കാഴ്ചയിൽ ഔദാര്യപൂർവ്വം സംഭാവന നൽകണമെന്ന് എല്ലാ വിശ്വാസികളോടും അഭ്യർത്ഥിച്ചുകൊണ്ടും, വി: വിൻസെന്റ് ഡി പോളിന്റെ മദ്ധ്യസ്ഥം പ്രത്യേകമായി ആശംസിച്ചുകൊണ്ടും, പിതാവിന്റേയും പുത്രവിന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

*എന്ന്,*

**✠ ജോൺ തട്ടുങ്കൽ**
കൊച്ചി മെത്രാൻ



Light of Cochin

# ചിറക്കൽ ഇടവകയുടെ ഒരു സംക്ഷിപ്ത ചരിത്രം



**എം.ജി. തോമസ് മാസ്റ്റർ**

വി. യൗസേപ്പിതാവിന്റെ നാമധേയത്തിലുള്ള ചിറക്കൽ പള്ളിയുടെ ചരിത്രം ഇവിടത്തെ ജനങ്ങളുടെ ത്യാഗപൂർണ്ണമായ സഹകരണത്തിന്റേയും ഐക്യത്തിന്റേയും ചരിത്രമാണ്. രേഖപ്പെടുത്തിയിട്ടുള്ള ഒരു ചരിത്രം ഇടവകയ്ക്ക് ഇല്ലെങ്കിലും ഇടവകയുടെ ആദ്യകാല സംഭവഗതികൾക്ക് ചരിത്രസാക്ഷികളാകുവാൻ ഭാഗ്യം ലഭിച്ച ചിലരെങ്കിലും ആ പൂർവ്വകാല സംഭവങ്ങളുടെ സ്മരണകൾ മനസ്സിൽ സൂക്ഷിച്ച് അത് പിൽക്കാല തലമുറകൾക്ക് പകർന്നുകൊടുക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അവരിൽ നിന്നെല്ലാം കേട്ടറിഞ്ഞ് ശേഖരിച്ചതും ലേഖകന് നേരിട്ടറിയാവുന്ന വസ്തുതകളും കൂട്ടിച്ചേർത്താണ് ചിറക്കൽ ഇടവകയുടെ ഈ ലഘു ചരിത്രം മെനഞ്ഞെടുത്തിട്ടുള്ളത്. *വളരെ വിപുലമായ രീതിയിൽ സൂക്ഷ്മാംശങ്ങളെല്ലാം ഉൾപ്പെടുന്ന ഒരു ചരിത്രരചനയ്ക്ക് പരിമിതികൾ ഉള്ളതുകൊണ്ട് ഏറ്റവും പ്രാധാന്യം അർഹിക്കുന്ന സംഭവങ്ങൾ മാത്രമാണു ഈ ചരിത്രരചനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.*

## പള്ളിയുടെ ആരംഭചരിത്രം

ചിറക്കൽ സെന്റ് ജോസഫ് പള്ളി 1965 ഏപ്രിൽ 18-ാം തീയതി ഇടവകയായി ഉയർത്തുന്നതിനു മുമ്പുള്ള ഏതാണ്ട് അരശതാബ്ദക്കാലത്തെ ചരിത്രം തുടങ്ങുന്നത് ഇന്നു നിലവിലുള്ള പള്ളിയുടെ പടിഞ്ഞാറു ഭാഗത്തു പുഴയുടെ അടുത്തായി സ്ഥാപിച്ച ഒരു ചെറിയ കുരിശു പുരയിൽനിന്നാണ്. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിന് ഒരു "വണക്കമാസ"പുര വേണമെന്നുള്ള ഭക്തജനങ്ങളുടെ ആഗ്രഹമാണ് ഇതിന് കാരണമായി ഭവിച്ചത്. കുരിശുപുരയുടെ കൂടിന് ഉപയോഗിച്ചിരുന്ന

പാലമരവും ഓടും സംഭാവനയായി ലഭിച്ചതായിരുന്നു. അതിൽ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന വി. യൗസേപ്പിതാവിന്റെ തിരുസ്വരൂപം "പണ്ടാരപ്പാടത്തെ കാരണവർ" എന്ന് അറിയപ്പെട്ടിരുന്ന പുത്തംപുരക്കൽ അഗസ്റ്റിൻ അവർകൾ സംഭാവനയായി നൽകി. പ്രസ്തുത രൂപം തോപ്പുംപടിയിലെ അന്നത്തെ ഇടവകപ്പള്ളി ആയിരുന്ന സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ (കൊച്ചുപള്ളിയിൽ) എത്തിക്കുകയും അവിടെനിന്ന് വാദ്യമേളങ്ങളോടും പരിചമുട്ടുകളി തുടങ്ങിയ ആഘോഷങ്ങളോടും അനേകം ദേശവാസികളുടെ അകമ്പടിയോടുംകൂടിയാണ് പുതുതായി പണിതീർത്ത കുരിശുപള്ളിയിൽ കൊണ്ടുവന്നു സ്ഥാപിച്ചത്. ആ തിരുസ്വരൂപമാണ് ഇന്ന് പള്ളിയിൽ സ്ഥാപിതമായിട്ടുള്ള ഇടവക മദ്ധ്യസ്ഥൻ യൗസേപ്പിതാവിന്റെ തിരുസ്വരൂപം.

**ഫാദർ മാത്യു മേനേസീസ്**

താല്ക്കാലികമായി സ്ഥാപിച്ച കുരിശുപുരയുടെ സ്ഥാനത്ത് ഒരു പള്ളി സ്ഥാപിക്കണം എന്ന ഇടവക ജനങ്ങളുടെ ആഗ്രഹസാക്ഷാത്കാരം അന്നത്തെ സാഹചര്യത്തിൽ ഒരു വിദൂരസ്വപ്നം മാത്രമായി അവശേഷിച്ചു. അന്നു നസ്രത്ത് പള്ളി വികാരിയായിരുന്ന മാത്യു മെനേസീസ് അച്ചൻ യാദൃശ്ചികമായി ചിറക്കൽ സന്ദർശിച്ചത് ചിറക്കലിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവായി തീർന്നു. "ഇവിടെ ഒരു പള്ളി ആവശ്യമാണ്..... അതിനു ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണം കൂടിയേ തീരൂ... അതിനുവേണ്ടി ജനങ്ങൾ ഒന്നടങ്കം ഒട്ടും വൈകാതെ മുന്നിട്ടിറങ്ങണം" എന്ന് അദ്ദേഹം ജനങ്ങളെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തി. ആ നല്ല വാക്കുകളാണ് ജനങ്ങളിൽ ഒരു പുതിയ ഉണർവിന്റെ വിത്തു പാകിയത്.

**പള്ളിക്ക് ഒരു സ്ഥലം ദാനമായി കിട്ടുന്നു**

ആ കാലത്ത് പള്ളി പണിയുന്നതിന് ഏറ്റവും അനുയോജ്യമായി കരുതിപ്പോന്നിരുന്നത് ഒരു ഭാഗം പുഴയുടെ സൗകര്യത്തോടു കൂടിയ സ്ഥലമായിരുന്നു. കാരണം റോഡ് മാർഗ്ഗമുള്ള ഗതാഗതം





അന്നു വ്യാപകമായിരുന്നില്ല. റോഡുകൾതന്നെ വളരെ വിരളമായിരുന്നു. അതുകൊണ്ട് പ്രധാന ഗതാഗതമാർഗ്ഗം ജലഗതാഗതം തന്നെ. യാത്രയ്ക്കുപയോഗിച്ചിരുന്ന പല വലുപ്പത്തിലുള്ള വള്ളങ്ങൾ ചിറക്കൽ പുഴയിലൂടെ ഒഴുകി നീങ്ങുന്നത് ഒരു സാധാരണ കാഴ്ചയായിരുന്നു. അങ്ങനെയാണ് ചിറക്കൽ പുഴയോടു ചേർന്നു കിടക്കുന്ന സ്ഥലം തന്നെ പള്ളി പണിയുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലമായി ജനങ്ങൾ തിരഞ്ഞെടുത്തത്.

**ജന അഭിലാക്ഷം "ദൈവതിരുമനസ്സായി"**

സ്ഥലം ഉടമയായ "പണ്ടാരപ്പാടത്ത് കാരണവർ" (പുത്തംപുരക്കൽ അഗസ്റ്റിൻ) ജനഹിതം ദൈവതിരുമനസ്സായി അംഗീകരിച്ച് അദ്ദേഹത്തിന്റെ സ്ഥലം തീർത്തും ദാനമായി നൽകുവാൻ സമ്മതിച്ചതോടുകൂടി ചിറക്കൽ ഒരു പള്ളി പണിയണമെന്ന ജനകീയ സ്വപ്നം പൂവണിയുന്നതിനുള്ള വേദി ഒരുങ്ങി.

സ്ഥലം കായലിനോടും കൃഷിയിടങ്ങളോടും ചേർന്നു കിടന്നിരുന്നതുകൊണ്ട് പൊതുവെ ചതപ്പുസ്ഥലം പോലുള്ളതാണ സ്ഥലമായിരുന്നു. ഇന്ന് സിമിത്തേരി സ്ഥിതി ചെയ്യുന്ന സ്ഥലവും അതിനു തൊട്ടടുത്തുള്ള കുറെ ഭാഗങ്ങളും വലിയ "മടൽപടന്ന"കളായിരുന്നു. പതിനായിരം മടൽ മൂടാവുന്ന കുഴികൾ ആയിരുന്നു അവ എന്നാണ് പൂർവ്വകാലസ്ഥലവാസികളുടെ സാക്ഷ്യം. അതുകൊണ്ട് പള്ളി പണി തുടങ്ങുന്നതിനു മുമ്പ് സ്ഥലം ഒരുക്കുന്ന ജോലി വളരെ ശ്രമകരമായിരുന്നു. ധാരാളം കടപ്പുറംമണ്ണ് വലിയ വള്ളങ്ങളിൽ എത്തിത്തുടങ്ങി. പള്ളിയുടെ തറക്കും വട്ടക്കല്ലിനും എല്ലാം ആവശ്യമായ മണ്ണ് കടപ്പുറത്തു നിന്നും എത്തിയിട്ടുള്ളതാണ്.

**പള്ളി പണി ആരംഭിക്കുന്നു**

പള്ളി പണിയുടെ തുടക്കം കുറിച്ച കല്ലിടൽ കർമ്മം അത്യാകർഷകമായിരുന്നു. അന്നു കൊച്ചി രൂപതയുടെ മേലദ്ധ്യക്ഷനായിരുന്ന ബെന്റൊ മാർട്ടിൻ റിബേറൊ മെത്രാൻ ആണ്

കല്ലിടൽ കർമ്മം നിർവ്വഹിച്ചത്. അദ്ദേഹത്തിനു നൽകിയ രാജോചിതമായ വരവേൽപ്പിന്റെ തിളങ്ങുന്ന ഓർമ്മകൾ മായാതെ സൂക്ഷിച്ചിരുന്ന ചിലർ അതേക്കുറിച്ചു എത്ര ആവേശത്തോടെയാണ് ആ ഓർമ്മ പങ്കുവച്ചത്. പിതാവ് പള്ളുരുത്തി നടയിൽ എത്തിയതു കുതിരവണ്ടിക്കായിരുന്നു. അന്നു റോഡ് അവിടം വരെ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവിടുന്നു ജനങ്ങൾ അദ്ദേഹത്തെ അലങ്കരിച്ച പല്ലക്കിലാണ് ചിറക്കൽ പള്ളി അങ്കണത്തിലേക്ക് ആനയിച്ചത്. അദ്ദേഹത്തെ വഹിച്ചിരുന്ന പല്ലക്കിൽ ഒന്നു തൊടുന്നതിന് എത്ര ആവേശത്തോടും കൗതുകത്തോടും കൂടിയാണ് ആളുകൾ ഓടി എത്തിയത്. അരയിൽ രണ്ടാം മുണ്ട് വരിഞ്ഞുമുറുക്കി ഉത്സാഹത്തോടെ നടന്നു നീങ്ങിയ ജനങ്ങളും പല്ലക്കിൽ നിറഞ്ഞ പുഞ്ചിരിയോടെ ജനങ്ങളെ അഭിവാദ്യം ചെയ്തിരുന്ന ബിഷപ്പ് തിരുമേനിയുടെയും ചിത്രം അന്നത്തെ തലമുറയെ അത്ഭുതംകൊള്ളിച്ച ഒരു ചരിത്രസംഭവമായിരിക്കണം. അന്നു കൊച്ചുപള്ളിയിലെ വികാരി റവ. ഫാ. മുലങ്കുഴി അച്ചനായിരുന്നു. കല്ലിടൽ കർമ്മം കഴിഞ്ഞ് പിതാവ് പള്ളിക്ക് സ്ഥലം ദാനമായി നൽകിയ പുത്തംപുരക്കൽ അഗസ്റ്റിൻ അവർകളുടെ വീട്ടിൽ ഒരുക്കിയിരുന്ന ചായ സൽക്കാരത്തിൽ പങ്കുകൊണ്ടു എന്നുള്ളതും ഒരു വലിയ സംഭവമായി ജനങ്ങൾ ഓർമ്മിക്കുന്നു.

അങ്ങനെ പള്ളി പണിയുടെ തുടക്കം തികഞ്ഞ ആവേശത്തോടെ തന്നെ സമാരംഭിച്ചു. ജനങ്ങൾ ഒരു "വലിയ പള്ളി" തന്നെയാണ് രൂപകല്പന ചെയ്തത്. പള്ളി പണിയുടെ പ്രധാന മേസ്തരി പ്രശസ്തനായ കൈതവേലി പാപ്പച്ചൻ മേസ്തരി ആയിരുന്നു. ഫോർട്ടുകൊച്ചി ബസിലിക്കയുടെയോ അമരാവതി പള്ളിയുടെയോ ശില്പകലാശൈലിയോട് സാമ്യമുള്ള തൂണുകളും 'വെറ്റില കൂർച്ചം' എന്നു നാടൻ പണിക്കാർ പറയുന്ന ആർച്ചുകളോടുകൂടിയതുമായ ഒരു നവീന ശില്പശൈലിയിലായിരുന്നു പള്ളി രൂപകല്പന ചെയ്തത്. ആറടി വീതിയിൽ രണ്ടു പ്രധാന തൂണുകളിൽ ആർച്ച് യോജിപ്പിച്ച് ഓരോ ആർച്ചിനും 20 അടി ഉയരം വരത്തക്കവണ്ണം ആണ് പണി പുരോഗമിച്ചത്. ഇതിനു രണ്ടുവശങ്ങളിലുമായി വരാന്തയും കൂടിയാവുമ്പോൾ വളരെ





സൗകര്യമുള്ള വിശാലമായ ഒരു വലിയ പള്ളി ആകുമായിരുന്നു. തീർച്ച. ജനങ്ങൾ സർവ്വവിധ സഹകരണങ്ങളും നൽകാൻ തയ്യാറായി. വിവിധ രീതിയിലുള്ള പിരിവും ആരംഭിച്ചു. ഇടവകയിലെ എല്ലാ വിഭാഗം ജനങ്ങളും ഇതിൽ പങ്കുചേർന്നു. ഇതിൽ ഏറ്റവും പ്രചാരത്തിലിരുന്നത് 'പിടിയരിപ്പിരിവ്' ആയിരുന്നു. കെട്ടുതെങ്ങും വളരെ പ്രചാരത്തിലിരുന്ന മറ്റൊരു പിരിവിനമായിരുന്നു.

**പള്ളി പണിയിൽ അപ്രതീക്ഷിതമായ ഒരാഘാതം**

വളരെ ഭംഗിയായി പണി പുരോഗമിച്ചു. ഏതാണ്ട് എല്ല ആർച്ചുകളുടെ പണിയും തീർന്നു. ഇനി പൊക്കം തീരാൻ കുറച്ചു മാത്രമേയുള്ളൂ. അപ്പോഴാണ് പള്ളിയുടെ തെക്കുപടിഞ്ഞാറു ഭാഗം കിഴ്പ്പോട്ട് ഇരുന്നുപോയത്. അപ്രതീക്ഷിതമായ ഒരാഘാതമായിരുന്നു അത്. ആർച്ചുകളിൽ ചിലതിനു വിള്ളൽ വീണു. അങ്ങനെ പള്ളി പണി സ്തംഭിച്ചു. ജനങ്ങളുടെ പ്രതീക്ഷയ്ക്കു മങ്ങലേറ്റു. ഈ പ്രതിസന്ധി തരണം ചെയ്യേണ്ടത് എങ്ങിനെ എന്നതായി ഏവരുടെയും ചിന്ത. ഒരു പരിഹാരമാർഗ്ഗം കണ്ടെത്താൻ കഴിയാതെ പള്ളിപണി നിർത്തിവച്ച് അനിശ്ചിതത്വത്തിന്റെ നാളുകളായിരുന്നു അത്.

എത്രകൊല്ലം ഈ പ്രതിസന്ധി തുടർന്നു എന്നതിനെക്കുറിച്ച് കൃത്യമായി പറയാൻ ആധികാരികമായ കണക്കുകളൊന്നും ലഭ്യമല്ല. എന്നിരുന്നാലും 'പത്തുകൊല്ലത്തിനുമേൽ' എന്നാണു ദൃക്സാക്ഷികളിൽ ഒരാളായിരുന്ന പരേതനായ ശ്രീ. മുരിക്കുംതറ ചാണ്ടി അവർകളുടെ അഭിപ്രായം.

**പള്ളിപണി തുടരാൻ വീണ്ടും പ്രേരണ**

"എല്ലാറ്റിനും ഒരു സമയമുണ്ട് ആകാശത്തിൽ കീഴുള്ള സമസ്തകാര്യത്തിനും ഒരു അവസരമുണ്ട്" (സഭ പ്രസംഗകൻ 3-ാം അദ്ധ്യായം 1-ാം വാക്യം) എന്ന പഴയ നിയമത്തിലെ വാക്യങ്ങൾ അന്വർത്ഥമാകത്തക്കവിധത്തിൽ കൊച്ചുപള്ളിയിൽ മൈക്കളച്ചൻ (ദിവംഗതനായ മോൺ. മൈക്കിൾ കടവിപ്പറമ്പിൽ) വികാരി ആയി വരുകയും സ്തംഭിച്ചുപോയ പള്ളിപണി വീണ്ടും

ആരംഭിക്കുന്നതിനുള്ള ശക്തമായ പ്രേരണ ജനങ്ങൾക്കു നൽകുകയും ചെയ്തു. ശ്രീമാന്മാർ വെളിപ്പറമ്പിൽ ചോറി (ചോറോ വൈദ്യൻ), കല്യാണപ്പറമ്പിൽ ഒരേഞ്ച്, കല്യാണപ്പറമ്പിൽ ചാണ്ടി, ആഞ്ഞിലിക്കാപ്പറമ്പിൽ ചവരൊ, തെരുവിപ്പറമ്പിൽ പത്രോസ് ജോബ്, നെരീക്കാട്ടു ചാണ്ടി, പുത്തംപുരക്കൽ വറുതുകുട്ടി തുടങ്ങിയവർ മുൻനിരയിൽനിന്നു പ്രവർത്തിക്കാൻ മുന്നോട്ടു വന്നതോടെ പള്ളി പണി വീണ്ടും ആരംഭിക്കാനുള്ള സാഹചര്യം തെളിഞ്ഞു.

പുനരുദ്ധാരണ പരിപാടിയുടെ മുന്നോടിയായി ചർച്ചകളും, സംവാദങ്ങളും പല വേദികളിലും നടന്നുകൊണ്ടിരുന്നു. വലുപ്പത്തെക്കുറിച്ച്, സംഭവിച്ച സാങ്കേതിക പിഴവിനെക്കുറിച്ച്, ഫണ്ട് രൂപീകരണമാർഗ്ഗങ്ങളെക്കുറിച്ച്, പുതിയ പള്ളിയുടെ രൂപകൽപന എന്നതിനെക്കുറിച്ചൊക്കെ സജീവമായ ചർച്ചകൾ പല തലങ്ങളിലും നടന്നുകൊണ്ടിരുന്നു. ഇരുന്നുപോയ പള്ളിയുടെ നിർമ്മാണത്തിന് ഉപയോഗിച്ച അതെ പ്ലാൻ അനുസരിച്ചുതന്നെ വീണ്ടും പള്ളി പണിയണമെന്ന് തൊട്ട് തീർത്തും ഒരു പുതുക്കിയ പ്ലാൻ അനുസരിച്ച് അല്പം ചെറുതായി പണിതാൽ മതി എന്ന അഭിപ്രായം വരെ ഉണ്ടായി.

ഇതെക്കുറിച്ച് ഒരു തീരുമാനമെടുക്കുന്നതിനുവേണ്ടി പുത്തംപുരക്കൽ "പേച്ചോ ആശാന്റെ" മുറ്റത്തുയോഗം ചേർന്നു എങ്കിലും വ്യക്തമായ ഒരു തീരുമാനത്തിലും എത്തിച്ചേരാൻ കഴിഞ്ഞില്ല. പിന്നീടു നടന്ന കൂട്ടായും അല്ലാതെയും ഉള്ള ചർച്ചകളിൽ ചെറിയ ഒരു പ്ലാൻ അനുസരിച്ചു പണിയുന്നതിനുള്ള അഭിപ്രായത്തിനു ശക്തിപ്രാപിക്കുകയും മൈക്കളച്ചന്റെ സാന്നിദ്ധ്യ ത്തിൽ പേച്ചോ ആശാന്റെ വസതിയിൽ വീണ്ടും യോഗം ചേരുക യും ചെറിയ പ്ലാൻ അനുസരിച്ചു പണി ഉടനെ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

പള്ളിയുടെ മുഖപ്പ് എങ്ങനെ ആയിരിക്കണം എന്നതിനെക്കുറിച്ച് രണ്ടു പ്ലാനുകൾ ചർച്ചാവിഷയമായി. ഒരു പ്ലാൻ കൊച്ചുപള്ളിയിലെ അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസഫ് ചക്കാലക്കൽ (പാറായി അച്ചൻ) വരച്ചതായിരുന്നു. മറ്റൊന്നു മുരിക്കുംതറ ചാണ്ടി വരച്ചതും. യോഗം അംഗീകരിച്ചത് രണ്ടാമത്തെ പ്ലാൻ ആയിരുന്നു.





ജനങ്ങളിൽ വീണ്ടും പ്രതീക്ഷകൾ ഉണർന്നു - പുതിയ ഒരാവേശം എവിടെയും പ്രകടമായി. ഫണ്ടു ശേഖരണത്തിനുള്ള വിവിധ പദ്ധതികളും ആവിഷ്ക്കരിക്കപ്പെട്ടു. വീടുവീടാന്തരം കയറി ഇറങ്ങി പിരിവ് ഊർജിതപ്പെടുത്തുവാനുള്ള ശ്രമവും തുടങ്ങി. പിടിയരിയും, കെട്ടുതെങ്ങും കൂടാതെ സ്ഥല ഉടമകളിൽ നിന്നും ഒരു മാസത്തെ തേങ്ങയും, കഴിവില്ലാത്തവരിൽനിന്നു ശ്രമദാനവും എന്നു തുടങ്ങി ഇടവകയിലെ മുഴുവൻ ജനങ്ങളുടെയും സഹകരണം ലഭിക്കത്തക്കരീതിയിൽ ഉള്ള കൂട്ടായ പ്രവർത്തനം ആരംഭിച്ചു. പള്ളിയുടെ കൂടിനുള്ള തെങ്ങ് ഇടവകയിൽനിന്നുതന്നെ സംഭാവനയായി ലഭിച്ചു. തെങ്ങിന്റെ മൂപ്പേറിയ ഭാഗം മാത്രം എടുത്ത് ബാക്കി ഭാഗം 'ഇളംകഴുത്ത്' ലേലം ചെയ്തും നിർമ്മാണഫണ്ടിനു മുതൽക്കൂട്ടുണ്ടാക്കി.

**പള്ളിയുടെ പുനരുദ്ധാരണം**

പുനരുദ്ധാരണത്തിന്റെ തുടക്കം കുറിച്ചത് ഏതാണ്ട് 20 അടി ഉയരത്തിൽ പണിതുയർത്തിയിരുന്ന ഇരുന്നുപോയ ആർച്ചുകളും മറ്റും പൊളിച്ചുമാറ്റിക്കൊണ്ടായിരുന്നു. ആർച്ചുകൾ പൊളിച്ചു മാറ്റുന്നതിന് ഏറ്റവും കുറഞ്ഞ ടെന്റർ ആയ 51 രൂപ മൂരിക്കുംതറ ചാണ്ടി മേസ്തരിയുടേതായിരുന്നു. ടെന്റർ അനുസരിച്ചു കല്ലുകളൊന്നും നഷ്ടം വരാതെ ആർച്ചുകളെല്ലാം പൊളിച്ചു മാറ്റുന്നതിനോടൊപ്പം തന്നെ പുതുക്കിയ ചെറിയ പ്ലാൻ അനുസരിച്ചുള്ള പണിയും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകത്തക്കരീതിയിലാണ് പരിപാടി ഇട്ടത്. ആയിടക്കാണ് "വെള്ളക്കാരൻ മെത്രാന്റെ" സന്ദർശനം ഉണ്ടായത്. അന്നു കൊച്ചി രൂപതയുടെ മെത്രാനായിരുന്ന അൽവർനോസ് പിതാവാണ് സന്ദർശനം നടത്തിയത്. പെരുമ്പടപ്പിൽനിന്നു മനോഹരമായ അലങ്കരിച്ച ഓടിവള്ളത്തിൽ ഇരുവശവും പച്ച വിരിച്ച ചിറക്കൽ പുഴയുടെ തീരങ്ങളെ പുളകം കൊള്ളിച്ചു കൊണ്ട് ഓടിവള്ളം മുന്നോട്ടു കുതിക്കുന്ന കാഴ്ച അന്നത്തെ ഇടവക ജനങ്ങൾ മതിയാവോളം ആസ്വദിച്ചു ഒപ്പം പച്ച പിടിച്ച പ്രതീക്ഷകളും. പള്ളിക്കടവിൽ താല്കാലികമായി ഉണ്ടാക്കിയ പാലത്തിലൂടെ മെത്രാൻ കടന്നുവന്നു. ജനങ്ങൾ ആവേശത്തോടെ ആർപ്പുവിളികളോടെ അദ്ദേഹത്തിനു വരവേൽപു നൽകി. പള്ളി പണി ഒക്കെ ചുറ്റിനടന്നു കണ്ടതിനുശേഷം ബിഷപ്പ് തിരുമേനി ഇടവകക്കാർക്കു ഒരു വാഗ്ദാനം നൽകി.

"ഈ പള്ളിക്കുവേണ്ട ഓട് ഞാൻ തന്നുകൊള്ളാം." പള്ളി പണി എത്രയും വേഗത്തിൽ പൂർത്തിയാക്കി ഞാൻ വാഗ്ദാനം ചെയ്ത ഓട് വാങ്ങിച്ചെടുക്കണം; എന്ന ഒരു ആഹ്വാനം കൂടി ആ വാഗ്ദാനത്തിലുണ്ടായിരുന്നു. ജനങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ പിതാവിന്റെ ആഹ്വാനം ഉൾകൊണ്ടു കൂടുതൽ ആവേശത്തോടെ നിർമ്മാണപ്രവർത്തനങ്ങളിൽ മുഴുകി. അദ്ദേഹം മംഗലാപുരത്തിനിന്നു ഓട് വരുത്തി പള്ളിക്ക് സംഭാവന നൽകി. ആ ഓട് തന്നെയാണ് പള്ളിയിൽ ഇന്നും കാണുന്നത്. ഒരു പ്രധാന പണികൂടി ഇനി ബാക്കിയുണ്ട്. പള്ളിയുടെ ഉൾഭാഗം തേച്ചിട്ടില്ലായിരുന്നു. ടെണ്ടർ വിളിച്ചു 36 രൂപ മുതൽ 12 രൂപവരെ ടെണ്ടർ താണു. ഇത്രയും ചെറിയ തുകയ്ക്ക് എങ്ങിനെ പണി പൂർത്തീകരിക്കാൻ കഴിയും എന്നു ചർച്ച ചെയ്തുകൊണ്ടിരുന്ന പള്ളി പണി "നടത്തിപ്പുകാരുടെ" അടുത്ത് കുരീത്തറ ശൗര്യാർ മേസ്തരി വന്നു പറഞ്ഞു. "ഏറ്റവും താണ റേറ്റിനേക്കാളും നാലണ കുറച്ച് ഞാൻ ചെയ്തുകൊള്ളാം" അങ്ങിനെ പതിനൊന്നേ മുക്കാൽ രൂപയ്ക്ക് അതായത് 11 രൂപ 75 പൈസയ്ക്ക് പള്ളിയുടെ ഉൾഭാഗത്തിന്റെ തേപ്പുപണിയും പൂർത്തിയായി. ഇതോടെ പള്ളിയുടെ ആശീർവാദത്തിനുള്ള ഒരുക്കമായി.

## പള്ളി ആശീർവദിക്കുന്നു

1934-ൽ അൽവർനോസ് പിതാവിന്റെ പ്രതീക്ഷ സാക്ഷാത് കരിക്കപ്പെട്ടു. പള്ളി പണി പൂർത്തിയായി. മൈക്കളച്ചൻ തികഞ്ഞ ആത്മസംതൃപ്തിയോടെ ജനങ്ങളെ അനുമോദിച്ചു. മനോഹരമായ ഒരു സക്രാരി ശ്രീ. ജയിക്കബ് മെനേസീസ് പള്ളിക്കു നൽകിയതോടെ പള്ളി ആശീർവദിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

## ചിറക്കൽ പള്ളി ഒരിടവകയായി മാറുന്നു

1934-ൽ പള്ളിയുടെ ആശീർവാദം കഴിഞ്ഞുവെങ്കിലും ചിറക്കൽ പള്ളി ഒരു ഇടവക പള്ളിയായിത്തീരാൻ 31 വർഷം പിന്നെയും കാത്തിരിക്കേണ്ടി വന്നു. ഇടവകയായി ഉയർത്തു





ന്നതിനു ചില പരിമിതികളുണ്ടായിരുന്നു. അച്ചന്മാർക്കു താമസിക്കുന്നതിന് ഒരു മേട, ഇടവകക്ക് അത്യാവശ്യമായിരുന്ന ഒരു സെമിത്തേരി എന്നിവ വളരെ പ്രധാനപ്പെട്ട പോരായ്മകളായി അവശേഷിച്ചിരുന്നു. എന്നിരുന്നാലും വി. യൗസേപ്പിതാവിന്റെ തിരുനാൾ വളരെ മോടിയോടെ തന്നെ കൊണ്ടാടുന്നതിനു ഭക്തജനങ്ങൾ മുന്നോട്ടു വന്നു. 1935-ൽ ആദ്യത്തെ തിരുന്നാൾ ഏറ്റെടുത്തു നടത്തിയത് പുന്നക്കാട്ടുശ്ശേരി അച്ചൊ ജോസഫ് ആയിരുന്നു. അദ്ദേഹത്തിന്റെ മകൻ പുന്നക്കാട്ടുശ്ശേരി ജോസഫ് സേവ്യർ ആയിരുന്നു പ്രസേന്തി. അതിന്റെ സ്മരണയ്ക്കായി അദ്ദേഹം പള്ളിക്കു വളരെ അത്യാവശ്യമായിരുന്ന പള്ളി മണി സംഭാവന യും ചെയ്യുകയുണ്ടായി.

ഇടവക തിരിക്കുന്നതിന്റെ മുന്നോടി എന്നോണം ചിറക്കൽ പള്ളിക്ക് ആദ്യമായി ഒരച്ചനെ ചാപ്ലിനായി ലഭിച്ചു. അങ്ങനെ ജനഹൃദയങ്ങളിൽ നവോന്മേഷവും പുത്തൻ പ്രതീക്ഷകളും ഉണർത്തിക്കൊണ്ട് റവ. ഫാ. ജോർജ്ജ് അഴീക്കൽ 1960 ജൂൺ 27-ാം തീയതി ചിറക്കൽ പള്ളിയിൽ സ്ഥിരമായി താമസിച്ചു കൊണ്ട് പ്രവർത്തനം ആരംഭിച്ചു. അതോടെ വിശ്വാസികൾക്ക് ദിവ്യബലിയിൽ സംബന്ധിക്കുന്നതിനും അവസരം ലഭിച്ചു തുടങ്ങി. ചിറക്കൽ പള്ളിയിൽ ഭക്തസംഘടനകളുടെ ആരംഭം കുറിച്ചത് ഈ കാലഘട്ടത്തിലാണ്. 1961 ൽ ശ്രീമതി. മേരി ചാണ്ടി കല്യാണപ്പറമ്പിൽ അദ്ധ്യക്ഷയായി തിരുഹൃദയ സഭ ജന്മം കൊണ്ടു. കൊച്ചി രൂപതയിലെതന്നെ വളരെ പഴക്കം ചെന്ന ഒരു ഭക്ത സംഘടനയായിരുന്നു അത്. ഇതിനിടയിൽ അച്ചനു താമസിക്കുന്നതിനുള്ള മേടയും ഒരുങ്ങിക്കഴിഞ്ഞിരുന്നു. വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടിയ ഒരു മേട എന്ന് ഇന്നത്തെ നിലവാരത്തിൽ അതിനെ വിളിക്കാമെങ്കിലും അതും ജനങ്ങളുടെ സന്മനസിന്റെ പ്രതീകമായിരുന്നു എന്നു പറയുന്നതിൽ ഒരു അതിശയോക്തിയുമില്ല. കാരണം യാതൊരു പ്രത്യേക പിരിവുകളും ഇല്ലാതെ ജനങ്ങൾ നിർലോഭമായി നൽകിയ 'പിടിയരിയും' ആഴ്ചപ്പിരിവും, കെട്ടുതെങ്ങും മാത്രമാണ് അതിനുവേണ്ടി ഉപയോഗിച്ചത്. പക്ഷെ അന്നു കൈക്കാരനായിരുന്ന "അഞ്ചൽ മാസ്റ്റർ" എന്നറിയപ്പെട്ടിരുന്ന വെളീപ്പറമ്പിൽ വറീതു സേവ്യർ

അവർകളുടെ സർവ്വാത്മകവും നിർലോഭവുമായ സഹായമാണ് മേട നിശ്ചിതസമയത്തു തന്നെ പൂർത്തിയാക്കുന്നതിനു കഴിഞ്ഞത്. റവ. ഫാ. ജോർജ്ജ് അഴീക്കൽ, റവ. ഫാ. സേവ്യർ പുത്തം പറമ്പിൽ, റവ. ഫാ. ജോസഫ് പൂപ്പന, റവ. ഫാ. അലക്സാണ്ടർ തോട്ടുകടവിൽ, റവ. ഫാ. പോൾ പുന്നക്കാട്ടുശ്ശേരി, റവ. ഫാ. സേവ്യർ ജെ. കാരുവള്ളി എന്നിവർ മേടയുടെ പരിമിതമായ ചുറ്റുപാടിൽ ത്യാഗപൂർണ്ണമായ മനസ്സോടെ ജനങ്ങളെ സേവിച്ചു കൊണ്ട് ജനങ്ങൾക്ക് തിളങ്ങുന്ന മാതൃകകളായിത്തീർന്നു.

ജോർജ്ജ് അഴീക്കലച്ചൻ ഉപരിപഠനാർത്ഥം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ ചേരുകയും തേവര സെന്റ് ജോസഫ് പള്ളി യിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. തൽഫമായി ഉണ്ടായ ഒഴിവിൽ സേവ്യർ പുത്തംപറമ്പിൽ അച്ചൻ 1963 സെപ്റ്റംബർ 21-ാം തീയതി ചാർജെടുക്കുകയും ചെയ്തു. പക്ഷെ അദ്ദേഹത്തിന് അനാരോഗ്യം മൂലം അധികനാൾ തുടരാൻ കഴിഞ്ഞില്ല. ഏതാണ്ട് 6 മാസം മാത്രമേ അദ്ദേഹത്തിന്റെ സേവനം ചിറക്കൽ പള്ളിക്കു ലഭിച്ചുള്ളൂ.

1964 മാർച്ച് 20-ാം തീയതി റവ. ഫാ. ജോസഫ് പൂപ്പന ചിറക്കൽ പള്ളിയിൽ അധികാരമേറ്റു. ചിറക്കൽ പള്ളി ഒരു ഇടവക പള്ളി ആയിത്തീരണം എന്ന ജനങ്ങളുടെ ചിരകാല അഭിലാഷം സഫലീകൃതമാകുന്ന സന്ദർഭത്തെക്കുറിച്ച് വലിയ പ്രതീക്ഷ യോടെ കഴിയുന്ന കാലമായിരുന്നു അത്. ഏതാണ്ട് ജീർണ്ണിച്ചു അപകടാവസ്ഥയിൽ നിന്നിരുന്ന പള്ളിയുടെ കൂട് പൊളിച്ചു മാറ്റു ന്നതിനും പുതിയ ഉറപ്പുള്ള കൂട് നിർമ്മിക്കുന്നതിനും അദ്ദേഹം ധീരമായിത്തന്നെ തീരുമാനമെടുത്തു. ഇടവക ജനങ്ങളെ സംഘടി പ്പിച്ച് പല ഗ്രൂപ്പുകളായി തിരിച്ച് പിരിവും ആരംഭിച്ചു. ഇടവക യിൽനിന്നും അയൽ ഇടവകയിൽപ്പെട്ട സ്ഥലങ്ങളിൽനിന്നും പിരിവു നടന്നു. ഒട്ടും വൈകാതെ അച്ചൻ പണി ആരംഭിച്ചു. വലിയ ഒരു ഇരുൾതടി അതിനായി അച്ചൻ വാങ്ങി. ചില അവസര ങ്ങളിൽ പോരാതെവന്ന പണം അച്ചൻ തന്നെ അഡ്വാൻസായി നൽകി. ഒരു ഘട്ടത്തിൽപ്പോലും സാമ്പത്തിക പ്രതിസന്ധി യില്ലാതെ ആവശ്യമുള്ളപ്പോൾ അഡ്വാൻസായി പണം





നൽകിയും പിരിവ് ഊർജിതപ്പെടുത്തിയും കൂടിന്റെ പണി നിർവിഘ്നം നടത്തിക്കൊണ്ടിരുന്നു. ഇതിനിടയിൽ സെമിത്തേരി സ്ഥാപിക്കുന്നതിന്റെ പ്രാരംഭജോലികളും ആരംഭിച്ചിരുന്നു. പക്ഷെ നിലവിലുണ്ടായിരുന്ന നിയമം ചില തടസ്സങ്ങൾ സൃഷ്ടിച്ചു. കാരണം ഇന്നത്തെ പാരീഷ് ഹാൾ സ്ഥിതിചെയ്യുന്ന സ്ഥല മാണ് സെമിത്തേരിക്കുവേണ്ടി ഉദ്ദേശിച്ചിരുന്നത്. കടവിൽപറ മ്പിൽ പൈലി ജോസഫ് (കെ.പി. ജോസഫ്) അത്രയും സ്ഥലം സെമിത്തേരിയുടെ ആവശ്യത്തിനായി ദാനമായി നൽകിയതാ യിരുന്നു. സെമിത്തേരി നിർമ്മിക്കുന്നതിനുവേണ്ടി ചുറ്റും മതിൽ കെട്ടുകയും ചെയ്തു കഴിഞ്ഞിരുന്നു. പൂപ്പന അച്ചൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ കാണുകയും മാർഗ്ഗ നിർദ്ദേശം തേടുകയും ചെയ്തു. സെമിത്തേരി അവിടുന്നു മാറ്റി സ്ഥാപിച്ചേ പറ്റൂ എന്നു അച്ചനു ബോദ്ധ്യമായി. പിന്നീടുണ്ടായ നീക്കങ്ങൾ ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. പുതിയ സെമിത്തേരി നിർമ്മി ക്കുന്നതിനുള്ള സ്ഥലം തീരെതാണ സ്ഥലമായിരുന്നു. വലിയ മടൽക്കുഴികളും തോടുകളും മറ്റുമുള്ള സ്ഥലം. എന്തെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾക്ക് തീരെ അനുയോജ്യമല്ലാത്ത സ്ഥലം. പക്ഷെ അതൊന്നും ഒരു പ്രശ്നമേ അല്ല എന്ന മട്ടിൽ സെമിത്തേരിയുടെ പണി അച്ചൻ തുടങ്ങി. വളരെ പെട്ടെന്നാണ് സെമിത്തേരിയുടെ സ്ഥലം രൂപാന്തരപ്പെട്ടത്. പള്ളിയുടെ പണി തീർന്ന അവസരത്തിൽത്തന്നെ സെമിത്തേരിയുടെ പണിയും ഏതാണ്ട് പൂർത്തിയായിരുന്നു.

അങ്ങനെ ഒരു ഇടവകപ്പള്ളിക്കാവശ്യമായ സജ്ജീകരണ ങ്ങൾ പൂർത്തിയായിക്കഴിഞ്ഞു എന്ന വിശ്വാസം ജനങ്ങൾ ക്കുണ്ടായി. ഒരു പുതിയ സക്രാരിയും അതിനുവേണ്ടി അച്ചൻ സമ്പാദിച്ചിരുന്നു. ശ്രീ. തൈക്കൂട്ടത്തിൽ അച്ചൊ (കൊച്ചുകുട്ടി) പണ്ടാരചിറയുടെ പണി ഏറ്റെടുത്തു നടത്തുന്ന അവസരത്തിൽ ചിറയുടെ പണി നിർവിഘ്നം നടക്കുന്നതിന് വിശുദ്ധന്റെ മദ്ധ്യസ്ഥം അപേക്ഷിച്ചുകൊണ്ട് പള്ളിയിൽ വരികയും പള്ളി പണിയുടെ പുരോഗതിയിൽ സന്തുഷ്ടനായി അദ്ദേഹം ഒരു പുതിയ സക്രാരി നൽകുകയാണുണ്ടായത്. കൂടാതെ

പള്ളിയുടെ കൂട് ഉറപ്പിച്ചു നിർത്തുന്നതിനുവേണ്ടി ചുറ്റുമുള്ള കോൺക്രീറ്റ് ബെൽറ്റ് അദ്ദേഹം സൗജന്യമായി ചെയ്തു തരികയാണുണ്ടായത്.

### ചിറക്കൽ പള്ളി ഇടവകയായി പ്രഖ്യാപിക്കുന്നു

18.04.1965 ഇടവക ചരിത്രത്തിലെ നാഴികക്കല്ലാണ്. ജന ഹൃദയങ്ങളിൽ ഉത്സവപ്രതീതി ഉണർത്തിക്കൊണ്ട് ചിറക്കൽ സെന്റ് ജോസഫ് പള്ളിയെ ഇടവകയായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനം അന്നാണു നടന്നത്. യൗസേപ്പിതാവിന്റെ നാമ ഹേതുകനായ ജോസഫ് പൂപ്പന അച്ചൻ അതിനു ഒരു നിമി ത്തമായിത്തീർന്നു എന്നത് ഇടവകമദ്ധ്യസ്ഥന്റെ പ്രത്യേക പരി പാലന യുടെ ദൃഷ്ടാന്തമായി ജനങ്ങൾ കരുതുന്നു. ഈ കാല ഘട്ടത്തിൽ തികഞ്ഞ ആത്മസമർപ്പണ ബുദ്ധിയോടെ അച്ചന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകിയ രണ്ടു വ്യക്തികളെ ഈ അവസരത്തിൽ സ്മരിക്കുന്നു. അന്നു കൈക്കാ രനായിരുന്ന പുത്തംപുരക്കൽ തോമസ് മാനുവൽ, കമ്മിറ്റിക്കാ രനായിരുന്ന വെളീപ്പറമ്പിൽ ആഞ്ചലോസ്.

"ഇനി എല്ലാം പൂർത്തിയായി, ഞാൻ പോവുകയാണ്" എന്ന മട്ടിൽ പൂപ്പന അച്ചൻ തന്റെ ദൗത്യം പൂർത്തിയാക്കി മറ്റൊരു ഇടവകയിലേക്ക് മാറിപ്പോകുന്നതിനുള്ള കല്പന ലഭിച്ചു. ഏതാണ്ട് മൂന്നുകൊല്ലത്തെ ചുരുങ്ങിയ സമയംകൊണ്ട് ഇടവക യിൽ അത്ഭുതകരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞ ജോസഫ് പൂപ്പന അച്ചന്റെ കർമ്മകുശലതയും കർത്തവ്യനിഷ്ഠയും ചിറക്കൽ ഇടവകക്കാർക്ക് അദ്ദേഹത്തെ മറക്കാനാവാത്ത ഒരു വൈദിക നാക്കിത്തീർത്തു. അദ്ദേഹത്തിനു സമുചിമായ ഒരു യാത്രയയപ്പു നൽകുന്നതിനും അങ്ങനെ ജനങ്ങളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നതിനും അവർ തീരുമാനിച്ചു. ഇടവകയിൽ തുടങ്ങി വച്ച ഒരു നല്ല പാരമ്പര്യത്തിന്റെ നാന്ദിയായിരുന്നു ഈ തീരുമാനം.

പൂപ്പന അച്ചന്റെ പിൻഗാമിയായി ചിറക്കൽ ഇടവകയുടെ സാരഥ്യം ഏറ്റെടുത്തത് അലക്സാണ്ടർ തോട്ടുകടവിൽ അച്ചനാ യിരുന്നു, 1966 മെയ് ഒന്നിന്. ആത്മീയകാര്യങ്ങളിൽ അദ്ദേഹം





പ്രദർശിപ്പിച്ച താല്പര്യവും ഇടവകയിലെ പരിമിതമായ വരുമാനമാർഗ്ഗങ്ങൾ കർക്കശമായ കൃത്യനിഷ്ഠയോടെ സ്വരൂപി ക്കുന്നതിൽ കാണിച്ച ഉത്സാഹവും അദ്ദേഹത്തെ ജനങ്ങളി ലേക്ക് കൂടുതൽ അടുപ്പിക്കുന്നതിനു സഹായിച്ചു. ഇടവകയുടെ വളർച്ചക്കും അഭിവൃദ്ധിക്കും സഹായകമായിത്തീർന്ന വിശുദ്ധ യൗസേപ്പിതാവിന്റെ നേർച്ചസദ്യ ഇടവകയിൽ ആദ്യമായി ആരംഭിച്ചത് അദ്ദേഹമാണ്. ദുഃഖാഴ്ചയുടെ വണക്കം വളരെ സജീവമാക്കുന്നതിനും ജനങ്ങളിൽ ആത്മീയ ശുഷ്കാന്തി വളർത്തുന്നതിനും അദ്ദേഹം പരിശ്രമിച്ചുകൊണ്ടിരുന്നു. അതിന് ഏറെ സഹായിച്ച ഒരു സംഭവമായിരുന്നു ദുഃഖവെള്ളിയാഴ്ച വണക്കത്തിന് ഒരു പാസ്ക്രൂപം ഇടവകക്കു ലഭിച്ചു എന്നുള്ളത്. ശ്രീ. സേവ്യർ (സേവോ) പുത്തംവീട്ടിൽ അവർകളാണ് അതു സംഭാവനയായി നൽകിയത്. പുണ്യശ്ലോകനായ ഒരു വൈദികൻ എന്നു ജനങ്ങൾ അദ്ദേഹത്തെ വാഴ്ത്തി. ഏതാണ്ടു മൂന്നുവർഷം മാത്രമാണ് (1966 മെയ് – 1969 മാർച്ച്) അദ്ദേഹത്തിന്റെ സേവനം ഇടവകക്കാർക്കു ലഭിച്ചത്.

അലക്സാണ്ടർ തോട്ടുകടവിലച്ചനുശേഷം ഇടവക വികാരിയായി നിയമിതനായത് റവ. ഫാ. പോൾ പുന്നക്കാട്ടു ശ്ശേരിയാണ്. സർവ്വർക്കും ആദരണീയനായ ഒരു വൈദികനാ യിരുന്നു പോളച്ചൻ. മതസൗഹാർദ്ദത്തിന്റെ ഏറ്റവും ശോഭന മായ ഒരു കാലഘട്ടമായിരുന്നു അത്. ഇടവകയ്ക്ക് അകത്തും പുറത്തുമുള്ള മറ്റു മതവിഭാഗത്തിൽപ്പെട്ടവർക്കുപോലും അനിഷേദ്ധ്യമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പോളച്ചൻ. ഇടവക യുടെ മുഖഛായതന്നെ മാറ്റുന്നതിനു പര്യാപ്തമായി രുന്നു അദ്ദേഹ ത്തിന്റെ പ്രവർത്തനശൈലി. ഇടവകയിൽ നടത്തി തുടങ്ങിയിരുന്ന മാർച്ച് 19ലെ നേർച്ചസദ്യ കൂടുതൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കി. ജാതിമതഭേദമെന്യെ ചിറക്കലെ മുഴുവൻ ജനങ്ങളും പങ്കെടുക്കുന്ന ഒരു ഉത്സവ മായി മാറ്റുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞു. ഇടവകയുടെ പരാധീനതകൾക്ക് എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത് എന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു.

നേർച്ചസദ്യയിൽനിന്നുള്ള വരുമാനം പരാധീനതകൾക്ക് കുറച്ചെങ്കിലും ആശ്വാസം നൽകുന്നതിനു സഹായിച്ചു. ജനങ്ങളിൽനിന്നു നിർബന്ധപൂർവമല്ലാത്ത പിരിവിനു ചിറക്കൽ ഇടവകയിൽ വൻ സാദ്ധ്യത ഉണ്ടെന്നു അദ്ദേഹം മനസ്സിലാക്കുകയും പരീക്ഷണാർത്ഥം 'കവർ പിരിവ്' എന്ന ഒരു പുതിയ ആശയം പരീക്ഷിച്ചു നോക്കുകയും ചെയ്തു. ജനങ്ങൾ പോളച്ചന്റെ ഈ പുതിയ ആശയത്തിനു നിർലോഭമായ സഹകരണം തന്നെ നൽകി. സി.ആർ.എസ്സ് പ്രവർത്തനം ഇടവകയിൽ ആദ്യമായി ആരംഭിച്ചത് അദ്ദേഹമാണ്.

ഇടവകയ്ക്ക് ഒരു പരീഷ് ഹാൾ വളരെ ആവശ്യമായിരുന്നു. അദ്ദേഹം ആ ആവശ്യവും പൂർത്തീകരിച്ചു. മേലോട്ടുള്ള ഒരു നിലകൂടി പണിയുന്നതിനുള്ള അടിത്തറയോടുകൂടിയായിരുന്നു അതിന്റെ പണി തീർത്തത്. ശ്രീ. കെ.പി. ജോസഫ് കടവിൽപ്പറമ്പിൽ അവർകൾ ദാനമായി നൽകിയ സ്ഥലത്തായിരുന്നു പാരീഷ് ഹാൾ നിർമ്മിക്കപ്പെട്ടത്. 26.10.1975ൽ ആണ് അതിന്റെ ആശീർവാദ കർമ്മം നടന്നത്. അന്നു കൊച്ചി രൂപതയുടെ ബിഷപ്പായിരുന്നു അലക്സാണ്ടർ എടേഴത്തുപിതാവായിരുന്നു ആശീർവാദ കർമ്മം നിർവഹിച്ചത്.

ചിറക്കൽ ഇടവകക്കു അവിസ്മരണീയ സുദിനമായിരുന്നു 1975 ഡിസംബർ 21. ഇടവകയുടെ ആത്മീയ തീർത്ഥാടനചരിത്രത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട സുദിനം. ഇടവകയുടെ പ്രിയ പുത്രൻ റൈറ്റ് റവ. ഡോ. ജോസഫ് കുരീത്തറ കൊച്ചി രൂപതയുടെ മെത്രാനായി സ്ഥാനാരോഹണം ചെയ്ത സുദിനം. ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ ഭക്തനും വിശുദ്ധന്റെ നാമധാരിയും ഈ മണ്ണിന്റെ മകനുമായ കുരീത്തറ പിതാവിനെ കൊച്ചി രൂപതയുടെ ഇടയനായി നിയോഗിക്കപ്പെട്ടതിന് ഇടവക ജനങ്ങൾ നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിനു നന്ദി പറഞ്ഞു. ഇടവകയിലേക്കു സ്വന്തം പുത്രനെ വരവേൽക്കുന്നതിനായി മാതൃഹൃദയത്തിന്റെ തുടിപ്പോടെ ജനങ്ങൾ കാത്തിരുന്നു. അങ്ങിനെ ആ സുദിനം എത്തിച്ചേർന്നു. ഡിസംബർ 28-ാം തീയതി വെറും ഒരാഴ്ചകൊണ്ടാണ് കൊച്ചി





രൂപതയുടെ മഹാപുരോഹിതനായി ഉയർന്ന പ്രിയ പുത്രന്റെ പ്രഥമ ഇടവക സന്ദർശനത്തിന് ഇടവകാംഗങ്ങൾ ഒരുങ്ങിയത്. ആഹ്ലാദതിമിർപ്പോടെ അവർ അത് ആഘോഷിച്ചു. 'തുമ്പോമുക്കിൽ' വച്ച് അന്നത്തെ കൈക്കാരന്മാരായിരുന്ന പുത്തംപുരക്കൽ തോമസ് മാനുവലും വെളുത്തേടത്തു ജോർജ്ജും ചേർന്നു ഹാരാർപ്പണം ചെയ്തു സ്വീകരിച്ചതോടെ ഇടവകയിൽ ഒരുക്കിയിരുന്ന ആഘോഷങ്ങളുടെ തുടക്കമായി. ആഘോഷമായ ദിവ്യബലിയും അനുമോദന യോഗവും മറ്റുമായുള്ള ആഘോഷങ്ങൾ ഇടവകയിൽ ഉത്സവപ്രതീതിതന്നെ ഉണർത്തി. വികാരിയായിരുന്ന പോൾ പുന്നക്കാട്ടുശ്ശേരി അച്ചൻ ആഘോഷപരിപാടികൾക്ക് നേതൃത്വം നൽകി. ഏഴുവർഷക്കാലത്തെ ഏറ്റവും സ്തുത്യർഹമായ സേവനം ചിറക്കൽ ഇടവകക്കാർക്കു നൽകിക്കൊണ്ട് 1976 മാർച്ചിൽ അദ്ദേഹം ഇടവകയോടു യാത്ര പറഞ്ഞു.

പോളച്ചന്റെ പിൻഗാമിയായി സേവ്യർ ജെ. കാരുവള്ളി അച്ചനാണ് ചിറക്കൽ ഇടവകയിൽ വരുന്നത് എന്ന വാർത്ത ജനങ്ങളെ ആനന്ദഭരിതരാക്കി. "സ്നേഹമാണ് സർവ്വോൽകൃഷ്ടം" എന്ന പൗലോശ്ലീഹായുടെ വാക്കുകൾ ജീവിതത്തിൽ പകർത്തിയ കാരുവള്ളി അച്ചൻ ചിറക്കൽ ഇടവകയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിച്ചത് സ്നേഹത്തിലൂടെ ജനങ്ങളുടെ സഹകരണം തേടിക്കൊണ്ടായിരുന്നു. വിശ്രമത്തിനു അവധി കൊടുത്തുകൊണ്ട് അദ്ദേഹം പ്രവർത്തിച്ചു. ജീർണ്ണാവസ്ഥയിൽ ആയിരുന്ന പഴയ മേട തുടർന്നുപയോഗിക്കുന്നതിനുതീരെ പറ്റാത്തതായി തീർന്നിരുന്നു. വളരെ പരിമിതമായ സൗകര്യം മാത്രമുള്ള ആ പഴയ മേടയിൽ താമസിച്ചുകൊണ്ട് ഒരു പുതിയ മേട പണിയുന്നതിനുള്ള ദൗത്യം കാരുവള്ളി അച്ചൻ ഏറ്റെടുത്തു. അങ്ങനെ ഇടവകയുടെ ചരിത്രത്തിൽ ഒരു സുവർണ്ണ അദ്ധ്യായം കൂടെ തുന്നിച്ചേർത്തുകൊണ്ട് മേടയുടെ പണി പൂർത്തിയാക്കി. 1981 മാർച്ച് 15-ാം തീയതി മേടയുടെ വെഞ്ചരിപ്പു കർമ്മം നടന്നു. പഴയ സെമിത്തേരിയുടെ സൗകര്യം വർദ്ധിപ്പിക്കുകയും സെമിത്തേരിയിൽ ഒരു ക്രൂശിത രൂപം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് നല്ല ഒരന്തരീക്ഷം സൃഷ്ടിച്ചു. ശ്രീ. ജെറോം

പുത്തംപുരക്കൽ അവർകളാണ് ക്രൂശിതരൂപം ദാനമായി നൽകിയത്. കാരുവള്ളി അച്ചൻ 1981 ഏപ്രിൽ 24-ാം തീയതി സ്ഥലം മാറി അടുത്ത ഇടവകയായ കൊച്ചുപള്ളിയിലേക്ക് യാത്രയായി.

റവ. ഫാ. ആന്റണി കൊച്ചുകരിയിലാണ് അടുത്ത വികാരി യായി ഇടവകയിലേക്ക് നിയമിതനായത്. ഇടവകയ്ക്കു കരുത്തും ഊർജസ്വലതയും നൽകാൻ പര്യാപ്തമായ ഊർജ ശ്രോതസ്സാണ് യുവാക്കൾ എന്നു മനസ്സിലാക്കി ഇടവകയിലെ യുവാക്കളെ കോർത്തിണക്കി ഇടവകഭരണത്തിൽ ഒരു പുതിയ അദ്ധ്യായം കുറിച്ചുകൊണ്ടാണ് കൊച്ചുകരിയിലച്ചൻ പ്രവർത്തനം അരംഭിച്ചത്. ആത്മീയകാര്യങ്ങളിലും തികഞ്ഞ ശുഷ്ക്കാന്തി യോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനശൈലി ഇടവക ക്കാർക്കു അദ്ദേഹത്തെ പ്രിയങ്കരനാക്കിത്തീർത്തു. യുവകലാ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അദ്ദേഹം കാണിച്ച ആത്മാർത്ഥതയും ത്യാഗസന്നദ്ധതയും ഇടവകയ്ക്കു പുറത്തുപോലും കലാസാമൂഹിക രംഗങ്ങളിൽ ചലനം സൃഷ്ടി ക്കുന്നതിനു കഴിഞ്ഞു. രൂപതാ അടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും മറ്റും നടത്തപ്പെട്ട കലാമത്സരങ്ങളിൽ ധാരാളം സമ്മാനങ്ങൾ ഇവിടത്തെ യുവാക്കാൾ വാരിക്കൂട്ടിയത് കൊച്ചു കരിയിലച്ചന്റെ കാലഘട്ടത്തിലായിരുന്നു. വചനപ്രഘോഷണം, ദൃശ്യകല എന്ന മാദ്ധ്യമത്തിലൂടെ ജനഹൃദയങ്ങളിൽ എത്തി ക്കുന്നതിനുള്ള അച്ചന്റെ ശ്രമം കൊച്ചി രൂപതയിൽത്തന്നെ ആദ്യ സംരംഭമായിരുന്നു. അച്ചന്റെ കാലത്താണ് പള്ളിയുടെ തെക്കു ഭാഗത്തു ഉണ്ടായിരുന്ന നിലവും അതിനോടു ചേർന്നു കിട ന്നിരുന്ന പുറവായും വിലക്കുവാങ്ങിയത്. സി.ആർ.എസിന്റെ ആഭിമുഖ്യത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി Fish Culture and Education എന്ന പദ്ധതി ആരംഭിക്കുകയും കൽചിറയും മറ്റും കെട്ടി ആ പ്രദേശം മനോഹരമാക്കി തീർക്കുകയും ചെയ്തു. കൂടാതെ പള്ളിയുടെ വടക്കുഭാഗത്തുള്ള എക്സ്റ്റൻഷൻ വിംഗിന്റെ പണിക്കുവേണ്ടി





പ്രാരംഭനടപടികൾ സ്വീകരിച്ചതും അതിനായി ഫണ്ട് സ്വരൂപണ ത്തിനുള്ള തുടക്കം കുറിച്ചതും അച്ചനാണ് എന്നു പ്രത്യേകം പ്രസ്താവ്യമാണ്.

1986 ൽ റവ. ഫാ. ലൂയീസ് കാട്ടിപ്പറമ്പിൽ അച്ചൻ ചിറക്കൽ പള്ളി വികാരിയായി സ്ഥാനം ഏറ്റു. ക്രിസ്തീയ സമൂഹത്തിന്റെ കൂട്ടായ്മ തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു നല്ല ആശയം എന്നതിലൂപരി പ്രായോഗികതലത്തിൽ അത് എത്തിക്കുകയും അതു വഴി സമൂഹത്തിന്റെ അഭിവൃദ്ധിയും കെട്ടുറപ്പും കൈവരി ക്കുകയും ചെയ്യുക എന്ന പരമപ്രധാനമായ ലക്ഷ്യം നേടുന്ന തിനുള്ള നടപടികൾ ഇടവകയിൽ ആരംഭിച്ചിട്ടുണ്ടായിരുന്നില്ല. ലൂയിസച്ചൻ ശ്രമകരമായ ആ ദൗത്യം ഏറ്റെടുക്കുകയും ചിറക്കൽ ഇടവകയിൽ ക്രിസ്തീയ കൂട്ടായ്മക്ക് രൂപവും ഭാവവും നൽകുക യും ചെയ്തു. വളരെ ചിട്ടയോടുകൂടി കുടുംബയൂണിറ്റ് പ്രവർത്തന ങ്ങൾക്ക് അച്ചൻ തുടക്കമിട്ടു. ഇടവകയെ 22 യൂണിറ്റു കളായി തിരിക്കുകയും ഓരോ യൂണിറ്റിലും നടക്കുന്ന മീറ്റിംങ്ങു കളിൽ കൃത്യമായി പങ്കെടുത്തുകൊണ്ട് യൂണിറ്റ് പ്രവർത്തന ങ്ങൾ അർത്ഥപൂർണ്ണമാക്കിത്തീർക്കുകയും അതുവഴി ഇടവക യിൽ ഐക്യത്തിന്റേതായ കെട്ടുറപ്പ് ശക്തിപ്പെടുത്തുന്നതിനും അച്ചനു കഴിഞ്ഞു. ബൈബിൾ ഭാഗങ്ങൾ വിശകലനം ചെയ്ത് സധാരണ ജനങ്ങൾക്ക് മനസ്സിലാകത്തക്ക രീതിയിൽ വളരെ ഫലപ്രദമമായി വചനപ്രഘോഷണം നടത്തുന്നതിൽ അച്ചൻ പ്രദർശിപ്പിച്ച താല്പര്യം സ്തുത്യർഹമാണ്. 1983-ൽ ഇടവകാ തിർത്തി പുനർ നിർണ്ണയം നടത്തിയ അവസരത്തിൽ ചിറക്കൽ ഇടവകക്കു ധാരാളം കുടുംബങ്ങൾ നഷ്ടപ്പെട്ടു എന്ന പരാതി ഉണ്ടായിരുന്നു. പക്ഷെ പുതുതായി വന്നു ചേർന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചുവരുകയും പള്ളിയുടെ സൗകര്യം തീരെ അപര്യാപ്തമാവുകയും ചെയ്ത സാഹചര്യത്തിൽ പള്ളിയുടെ വടക്കുഭാഗത്ത് പുതുതായി ഒരു എക്സ്റ്റൻഷൻ പണിത് ഉയർത്തിയത് ലൂയിസച്ചന്റെ കാലഘട്ടത്തിലെ ഒരു സ്മാരക സ്തംഭമായി നിലകൊള്ളുന്നു.

വർഗ്ഗീസ് നാനാട്ടച്ചന്റെ കാലഘട്ടം ചിറക്കൽ ഇടവകയിൽ ലൂയിസ് അച്ചൻ തുടങ്ങി വച്ച കുടുംബകൂട്ടായ്മയിലൂടെ വളർന്നു വന്ന ഒരു പുതിയ ഉണർവ്വിന്റെ കാലഘട്ടമായിരുന്നു. ആ ഉണർവിനെ നാനാട്ടച്ചൻ വളരെ സമർത്ഥമായി പ്രയോജനപ്പെടുത്തുകയും ഇടവകയുടെ സർവ്വതോന്മുഖമായ വളർച്ചക്ക് അതു പ്രയോജനപ്പെടുത്തുകയും ചെയ്തു. അച്ചൻ ഇടവകയിൽ വന്നു കാലുറപ്പിക്കുന്നതിനു മുമ്പായി തന്നെ പാസ്റ്ററൽ കൗൺസിലിന്റെ ആഗ്രഹം അച്ചനെ അറിയിച്ചു. ചിറക്കൽ സെന്റ് ജോസഫ് ഇടവക രൂപീകരിക്കപ്പെട്ടതിന്റെ സിൽവർ ജൂബിലി ആഘോഷിക്കണം. അതിന്റെ സ്മാരകമായി പള്ളിയുടെ വടക്കുഭാഗത്തുള്ളതുപോലെ ഒരു എക്സ്റ്റൻഷൻ വിംഗ് തെക്കുവശത്തും പണിയണം തീരുമാനം വളരെ നല്ലത്. പക്ഷെ ഇതിനുള്ള പണം എവിടെ? അച്ചൻ ഇടവകയോഗം വിളിച്ചുകൂട്ടി. യോഗത്തിൽ നടന്ന ചർച്ചകൾ അച്ചന് ആത്മധൈര്യം പകർന്നു നൽകി. ഈ ഇടവകയുടെ സമ്പത്തു ഇവിടത്തെ ജനങ്ങളാണു എന്നു അച്ചൻ തിരിച്ചറിഞ്ഞു എന്നു പറയാം. കാരണം അച്ചന്റെ ഓരോ നീക്കവും ജനങ്ങളിൽ വിശ്വാസം അർപ്പിച്ചുകൊണ്ടായിരുന്നു. വെറും ആറുമാസം കൊണ്ടു പുതിയ വിംങ്ങിന്റെ പണി തീർത്തു. ഇടവകയിൽ നിന്നുതന്നെ അതിനാവശ്യമായ പണം സ്വരൂപിക്കുന്നതിനു അച്ചനു കഴിഞ്ഞു. ജൂബിലി സ്മാരകവിംങ്ങിന്റെ ഉദ്ഘാടനം കൊച്ചി മെത്രാൻ ജോസഫ് കുരീത്തറ പിതാവ് 05.05.1991ൽ നിർവഹിച്ചു.

അച്ചന്റെ അടുത്ത നീക്കം ഇടവക ജനങ്ങൾ വളരെ നാളുകളായി ആഗ്രഹിച്ചിരുന്ന പഴയ പള്ളിയുടെ മുഖപ്പും പള്ളിയുടെ ഉൾഭാഗവും പുതുക്കി പണിയുക എന്നതായിരുന്നു. മുഖപ്പിന്റെ തെക്കുഭാഗത്തു വിള്ളൽ പ്രത്യക്ഷപ്പെടുകയും അതു മുഖപ്പിൽ നിന്നു വേർപ്പെട്ട് അപകടാവസ്ഥയിൽ നിൽക്കുകയുമായിരുന്നു. പള്ളിയുടെ ഉൾഭാഗവും പലയിടങ്ങളിലും സിമന്റ് തറപൊട്ടിപ്പൊളിഞ്ഞിരുന്നു. ജനസഹകരണത്തോടെ ദൃശ്യഭംഗിയുള്ള ഒരു മുഖപ്പും ചിപ്സ് ഇട്ട് ഭംഗിയാക്കിയ പള്ളി അകവും അൾത്താരയിൽ ശില്പഭംഗിയോടെ പണി കഴിപ്പിച്ച മനോഹരമായ കസേരകൾ കൂടി ഒരുക്കി കഴിഞ്ഞപ്പോൾ നല്ലൊരു ആരാധനാലയം





എന്ന് ആരും തലകുലുക്കി സമ്മതിക്കുന്ന ഒരു നല്ല പള്ളി ആയി മാറി ചിറക്കൽ പള്ളി. നല്ല ശില്പ ചാതുരിയോടെ പണി നിർവ്വഹിച്ചതിന് അതിന്റെ ആർക്കിടെക്ടർ ശ്രീ. ജോയി പാറപുറത്തിനും കോൺട്രാക്ടർ ശ്രീ. ജെയക്കബ് പുന്നക്കാട്ടുശ്ശേരിക്കും ഉദ്ഘാടന ദിവസം ജോസഫ് കുരീത്തറ പിതാവ് അംഗീകാരഫലകം നൽകി ആദരിക്കുകയുണ്ടായി.

വളരെ ആവശ്യമായിത്തീർന്നിരുന്ന ഒരു കാര്യംകൂടി നടത്തേണ്ടതുണ്ടായിരുന്നു ഒരു ശവവണ്ടി നിർമ്മാണം. ആവശ്യങ്ങൾക്ക് കൊച്ചുപള്ളിയിൽനിന്നോ മറ്റു പള്ളികളിൽ നിന്നോ ആണ് അതുകൊണ്ടുവന്നിരുന്നത്. പക്ഷെ, ഏതാണ്ട് 50,000 രൂപ ഉണ്ടെങ്കിലേ ഒരു നല്ല ശവവണ്ടി ലഭിക്കുകയുള്ളൂ എന്നായിരുന്നു അന്വേഷണ റിപ്പോർട്ട്. പക്ഷെ, അവിടെയും വി. യൗസേപ്പിതാവ് സഹായത്തിനെത്തി. ഞാറക്കൽ പള്ളിക്കാർ പുതിയ വണ്ടി ഉണ്ടാക്കിയപ്പോൾ മാറ്റിയിട്ടിരുന്ന വണ്ടി തറേപ്പറമ്പിൽ കൈപ്പാരി ജൂസ്സേയുടെ കണ്ണിൽപെട്ടു. തേക്കു തടിയിൽ നിർമ്മിച്ചിരുന്ന ആ വണ്ടി ഇനിയും സേവനം ചെയ്യാൻ പര്യാപ്തമാണ് എന്നു മനസ്സിലാക്കിയ അദ്ദേഹം പള്ളി കമ്മിറ്റിയെ വിവരം അറിയിക്കുകയും അച്ചൻ ഒട്ടും സമയം നഷ്ടപ്പെടുത്താതെ അതു നേടി എടുക്കുകയും വേണ്ട മാറ്റങ്ങൾ വരുത്തി ഒരു നല്ല ശവവണ്ടിയായി അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്തു. ചിറക്കൽ പ്രദേശത്തിന് എന്നും ഒരു ശാപമായി തീർന്നിരുന്ന രണ്ടു ചാരായ ഷാപ്പുകളും ഒരു കള്ളുഷാപ്പും ഒരു മഹാവ്യാധിപോലെ ജനങ്ങളുടെ സ്വൈര്യജീവിതത്തെ തകർത്തുകൊണ്ടിരുന്നു.

ഇതിനെതിരെ ഒരു ജനമുന്നേറ്റം തന്നെ ഉണ്ടായി. അബ്കാരി കോൺട്രാക്ടരുടെ കരുത്ത് ആ ജനമുന്നേറ്റത്തിൽ തീർത്തും നിഷ്ഫലമായിത്തീർന്നു. നാനാട്ടച്ചന്റെയും ശ്രീ. ജോബ് തോട്ടുകടവിലിന്റേയും നേതൃത്വത്തിൽ ഇടവക ജനങ്ങൾ രാത്രികളിൽ പോലും ഉറക്കമിളച്ചുകൊണ്ടു ഷാപ്പുകൾ ഉപരോധിക്കുകയും ഷാപ്പുകളെല്ലാം അടച്ചു പൂട്ടിക്കുകയും ചെയ്തു. ഇത് ഇടവകയുടെ സാംസ്കാരിക നവോത്ഥാനത്തിന്റെ നാന്ദികുറിച്ച ഒരു ഐതിഹാസിക ചരിത്ര സംഭവമാണ്. ഇടവക ജനങ്ങളുടെ

കലവറ ഇല്ലാത്ത സഹകരണത്തിനു പാശ്ചത്തലം ഒരുക്കിയ നാനാട്ടച്ചൻ 1995 ജനുവരി 29-ാം തീയതി ചെല്ലാനം സെന്റ് സെബാസ്റ്റ്യൻ പള്ളി യിലേക്കു സ്ഥലം മാറ്റം കിട്ടി യാത്രയായി. തുടർന്ന് വികാരിയായി ചാർജ്ജ് എടുത്തത് ജോർജ്ജ് എടേഴത്ത് അച്ചനാണ്.

സംഭവ ബഹുലമായ ഒരു കാലഘട്ടത്തിനു തുടക്കം കുറിച്ചു കൊണ്ടാണ് പുതിയ വികാരിയായി 29.01.1995-ൽ റവ. ഫാ. ജോർജ്ജ് എടേഴത്ത് ഇടവക ഭരണത്തിനു തുടക്കം കുറിച്ചത്. ഇടവക ചരിത്രത്തിൽ പല പുതുമകളും ദർശിച്ച കാലഘട്ടമായിരുന്നു അച്ചന്റേത്. ഇടവകയ്ക്കു ലഭിച്ച വൈദികരിൽ ഏറ്റവും പ്രായം കുറഞ്ഞ വൈദികൻ എന്ന നിലയിൽ ഏറ്റവും കർമ്മോത്സുകമായ കാലഘട്ടം ആയിരുന്നു അത് എന്നുള്ളതു വളരെ ശ്രദ്ധേയമാണ്. വി. യൗസേപ്പിതാവിന്റെ നേർച്ചസദ്യയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് പുതിയ വികാരിയെ സ്വാഗതം ചെയ്തത്. പ്രവർത്തന വേദിക്ക് ഒട്ടും കുറവില്ലാത്ത ചിറക്കൽ ഇടവക അധികം വൈകാതെ മറ്റൊരു പരിപാടിക്കു വേണ്ടി ഒരുങ്ങിക്കഴിഞ്ഞിരുന്നു. ഇടവകയുടെ വത്സലപുത്രനായ കൊച്ചി മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കുരീത്തറ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികത്തിന്റെ ഓർമ്മ നിലനിർത്തുന്നതിനുവേണ്ടിയുള്ള ആഘോഷപരിപാടികളെക്കുറിച്ചുള്ള ചർച്ചകൾ കൊച്ചി രൂപതയിൽ നടന്നു കൊണ്ടിരുന്നു. പിതാവിന്റെ മാതൃഇടവകയായ ചിറക്കൽ ഇടവക ഈ ചരിത്രമുഹൂർത്തം ഏറ്റം ആർഭാടമായിത്തന്നെ ആഘോഷിക്കുന്നതിന് ആഗ്രഹിച്ചു. ഇടവക ജനങ്ങൾക്ക് പിതാവിനോടുള്ള സ്നേഹാദരവുകളുടെ പ്രതീകമായി ഒരു നിത്യസ്മാരകം തന്നെ പടുത്തുയർത്തുന്നതിനാണ് തീരുമാനിച്ചത്. ജോർജ്ജ് അച്ചൻ വളരെ സമർത്ഥമായി നയന മനോഹരമായ ഒരു സ്മാരകമന്ദിരത്തിന് രൂപകല്പന ചെയ്തു. അദ്ദേഹത്തിൽ ഒളിഞ്ഞ് കിടന്നിരുന്ന കലാഭിരുചി പ്രകടിപ്പിക്കപ്പെട്ട നാല് നിലകളോടുകൂടിയ ഒരു സുന്ദര ശില്പം ആയിരുന്നു അത്. ഏറ്റവും മുകളിൽ ആയി ഹോളി ഏയ്ഞ്ചൽ കോൺവെന്റ് മജർ ജനറലിനുവേണ്ടി സെന്റ്





അലോഷ്യയസ് കോൺവെന്റ് സുപ്പീരിയർ മദർ മേരി മേഴ്സി നൽകിയ മണിയും അന്നുവരെ പള്ളിയിൽ ഉപയോഗിച്ചിരുന്ന പഴയ മണിയും സ്ഥാനം പിടിച്ചു. അതിന് താഴെയായി വി. യൗസേപ്പിതാവിന്റെ രൂപവും അതിനു താഴെ അമലോത്ഭവ മാതാവിന്റെ രൂപവും കൂടിയായപ്പോൾ ഒരു മണിമാളിക എന്ന സങ്കൽപത്തിന് അതീതമായി ഒരു നയന മനോഹരമായ സൗധം തന്നെ ആയിത്തീർന്നു അത്. അങ്ങിനെ ചിരകാലമായി ആഗ്രഹിച്ചിരുന്ന മണിമാളികയും 34 വർഷങ്ങൾക്കുശേഷം യാഥാർത്ഥ്യമായി. യൗസേപ്പിതാവിന്റെ രൂപം ശ്രീ. സേവ്യർ (സേവോ) പുത്തംവീട്ടിലും, മാതാവിന്റെ രൂപം ശ്രീ. വർഗ്ഗീസ് കോന്നോത്തും, വി. അന്തോണീസിന്റെ രൂപം മുരിക്കുംതറ ആന്റണിയും ആണ് സംഭാവനയായി നൽകിയത്. ഇതിന്റെ ഉൽഘാടനം 05.11.1996 അഭിവന്ദ്യ കൊച്ചി മെത്രാൻ റൈറ്റ് റവ. ഡോ. ജോസഫ് കുരീത്തറ നിർവ്വഹിച്ചു. ഇത് കൊച്ചി രൂപതയിലെതന്നെ മെത്രാഭിഷേകവാർഷീകത്തിന്റെ ഒരേ ഒരു സ്മാരകമാണ് എന്നത് ഏറെ കൗതുക വും അതോടൊപ്പം അഭിമാന വും ഉണർത്തുന്നു.

ജോർജ്ജച്ചന്റെ കാലഘട്ടം നേർച്ച സദ്യ വളരെ കാര്യക്ഷമമാക്കുന്നതിനും അതുവഴി കൂടുതൽ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. നേർച്ച സദ്യ നടക്കുന്ന മാർച്ച് മാസം ജലക്ഷാമം വ്യാപകമായി അനുഭവപ്പെടുന്ന കാലമാണ്. പലപ്പോഴും ജലക്ഷാമം നേർച്ചസദ്യയുടെ ഭംഗിയായ നടത്തിപ്പിനു തടസ്സമായിട്ടുണ്ട് അതിനൊരു ശാശ്വത പരിഹാരം കാണാൻ ജോർജ്ജ് അച്ചന് കഴിഞ്ഞു. ധാരാളം വെള്ളം സംഭരിക്കാവുന്ന ഒരു വലിയ ടാങ്ക് പള്ളിയുടെ തെക്ക് വശത്തായി പണി തീർന്നു. പക്ഷെ പണി തീർന്ന് കഴിഞ്ഞപ്പോൾ ആർക്കും അത്ഭുതം ജനിപ്പിക്കുന്ന ഒരു ഓപ്പൺ സ്റ്റേയ്ജ് ആയിട്ടാണ് അതു രൂപാന്തരപ്പെട്ടത്. അങ്ങിനെ വാട്ടർ ടാങ്ക് ഒരു ഓപ്പൺ സ്റ്റേയ്ജ് ആയി രൂപാന്തരം പ്രാപിക്കുന്ന ഒരു അത്ഭുതത്തിനു ചിറക്കൽ ഇടവകക്കാർ സാക്ഷ്യം വഹിച്ചു. നേർച്ച സദ്യയ്ക്കുണ്ടായിരുന്ന “വെള്ളപ്രശ്ന”ത്തിനു പരിഹാരമായപ്പോൾ ഇടവകക്കാർക്ക് അത്യാവശ്യ

മായിരുന്ന ഒരു തുറന്ന സ്റ്റേയ്ജ് കൂടി ലഭിച്ചു. അതോടൊപ്പം എല്ലാവർഷവും സ്റ്റേയ്ജിനു വേണ്ടി ചിലവാക്കി കൊണ്ടിരുന്ന സാമ്പത്തിക ഭാരം ഇതോടെ പരിഹരിക്കുവാനും കഴിഞ്ഞു. ഇതിന്റെ ഉൽഘാടനം 1998 മാർച്ച് 19-ാം തീയതി മോൺ. ജോസഫ് കളപ്പുരക്കൽ നിർവ്വഹിച്ചു.

ജീവിതഭാരംകൊണ്ടു തളർന്ന ഒരു സമൂഹം എന്നും അവഗണനയ്ക്ക് വിധേയരായി നമ്മുടെ മദ്ധ്യത്തിൽ ഉണ്ടെന്നും അവർക്ക് സഹായഹസ്തം നീട്ടേണ്ടത് ഒരു ക്രൈസ്തവന്റെ പ്രാഥമീകമായ കടമയാണ് എന്ന ബോദ്ധ്യം ഉൾക്കൊള്ളാൻ ഇടവക ജനങ്ങൾക്ക് കഴിയണം എന്നുമുള്ള നിർബ്ബന്ധമാണ് ജോർജ്ജ് അച്ചനെ ഇടവകയിൽ ഒരു സമൂഹവിവാഹപരിപാടി ആസൂത്രണം ചെയ്യാൻ പ്രേരിപ്പിച്ചത്. ചിറക്കൽ ഇടവകയിൽ ഇതു ആദ്യത്തെ സംരംഭമായിരുന്നു. ഇടവകജനങ്ങൾ ഒന്നടങ്കം അതൊരു വിജയമാക്കി തീർക്കുന്നതിന് ആത്മാർത്ഥമായി സഹകരിച്ചു. ഡോക്ടർ കൊർണേലിയസ് ഇലഞ്ഞിക്കൽ പിതാവ് വിവാഹങ്ങൾ ആശീർവദിക്കുന്നതിനു സന്നിഹിത നായി എന്നുള്ളത് ആഘോഷപരിപാടികൾ കൂടുതൽ ഭാവോജ്ജ്വലമാക്കി. ഏഴു നവദമ്പതികൾ ജീവിതത്തിന്റെ ധന്യത യിലേക്കു നടന്നുനീങ്ങുന്ന കാഴ്ച ജനഹൃദയങ്ങളിൽ അവിസ്മാരണീയമായ അനുഭൂതി ഉണർത്തി.

ഇടവകയിൽ വളർന്നു വന്ന ആത്മീയ ചൈതന്യത്തിന്റെ പ്രതിഫലനമായി സമൂഹവിവാഹപരിപാടിയെ കാണുന്നതിൽ അനൗചിത്യം ഉണ്ടെന്നു തോന്നുന്നില്ല. വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവ് ഇതിന് ഉപോദ്ബലകമായി എടുത്തു പറയാവുന്നതാണ്. ഇതിനൊക്കെ ജോർജ്ജ് എടേഴത്തച്ചൻ ശക്തമായ പ്രേരകശക്തിയായിരുന്നു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. ഇടവകയിൽ വളർന്നു വന്ന ആദ്ധ്യാത്മീക നവോത്ഥാനത്തിന്റെ ഒരു പരസ്യഭാവമായി അൾത്താരയുടെ മുഖപ്പിന് തന്നെ വന്ന അവസ്ഥാന്തരം പ്രത്യേകം പ്രസ്താവ്യമാണ്. വളരെ ഒഴുക്കൻ മട്ടിൽ പണിക്കഴിപ്പിച്ചിരുന്ന പഴയ അൾത്താരയുടെ സ്ഥാനത്ത് അതിമനോഹരമായ രൂപ





കൽപനയോടുകൂടി പണിക്കഴിപ്പിച്ച പുതിയ “അൾത്താരമുഖപ്പ്” ജോർജ്ജ് അച്ചനിൽ ഒളിഞ്ഞുകിടക്കുന്ന കലാചാതുരിയുടെ മറ്റൊരു ദൃഷ്ടാന്തമാണ്. കൽവരിയിലെ ബലിയർപ്പണത്തെ അനുസ്മരിപ്പിക്കുന്ന ഭക്തിസാന്ദ്രമായ ക്രൂശിതരൂപം ശ്രീ. വർഗ്ഗീസ് കോന്നോത്ത് സംഭാവനയായി നൽകിയത് അൾത്താരയുടെ രൂപകൽപനയ്ക്ക് ദിവ്യമായ ഒരു പരിവേഷം നൽകുന്നുണ്ട്.

ഇതിനൊക്കെ മകുടം ചാർത്തികൊണ്ട് അച്ചൻ പണിതു യർത്തിയ പരിശുദ്ധ വ്യാകുലമാതാവിന്റെ ഗ്രോട്ടോ (പിയാത്ത) ഇടവകയിൽ അച്ചൻ തുടങ്ങിവെച്ച സൗന്ദര്യവൽക്കരണത്തിന്റെ പരമോന്നതി വിളിച്ചോതുന്ന ഒരു കലാശില്പമാണ്. എടേഴത്ത് അച്ചനെ ചിറക്കൽ ഇടവകജനങ്ങളുടെ മനസ്സിൽ എന്നും താലോലിക്കുന്നതിന് സഹായിക്കുന്ന അച്ചന്റെ ഇടവകാഭരണ കാല ഘട്ടത്തിലെ ഉത്തമ സംഭാവനയും ഒരു പക്ഷെ ഇതു തന്നെയാകും.

സേവ്യർ പാലയ്ക്കച്ചൻ 2001 ജനുവരി 28-ാം തീയതി ഇടവക വികാരിയായി ചിറയ്ക്കൽ ഇടവകയിൽ വന്നു. ഇടവക യുടെ ചരിത്രത്തിൽ ഇത്രയേറെ സാമ്പത്തിക ഇടപാടുകൾ നടന്ന ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. വളരെ പരിമിതമായ വിഭവ ശേഷിയുള്ള ചിറക്കൽ ഇടവകയിൽ എങ്ങിനെ ഇത്ര ഭീമമായ സാമ്പത്തിക ഇടപാടുകൾ നടന്നു എന്നുള്ളത് തീർച്ചയായും അത്ഭുതം ജനിപ്പിക്കുന്ന ഒരു വസ്തുത തന്നെയാണ്.

പതിവുപോലെ പുതിയ വികാരി പാലക്കനച്ചനെ സ്വാഗതം ചെയ്തത് മാർച്ച് 19-ലെ നേർച്ച സദ്യയെക്കുറിച്ചുള്ള ആലോചന യോഗമാണ്. പുതിയ ഇടവകയിലെ കാര്യങ്ങൾ മനസ്സിലാക്കാ നുള്ള സമയം ലഭിക്കുന്നതിനു മുമ്പേതന്നെ കർമ്മപദ്ധതികളു മായി മുന്നോട്ടു പോകുന്നതിനു അച്ചനു യാതൊരു ബുദ്ധിമുട്ടും ഉണ്ടായില്ല. നേർച്ചസദ്യ വൻവിജയമായിരുന്നു എന്നു മാത്രമല്ല ഓരോ വർഷവും വളരെ സമർത്ഥമായി നടത്തുന്നതിനുള്ള ആത്മവിശ്വാസവും അച്ചൻ ആർജ്ജിച്ചു കഴിഞ്ഞിരുന്നു.

കാരണം അച്ചന്റെ സേവനകാലത്തിലെ അവസാനത്തെ നേർച്ച സദ്യ-2005 മാർച്ച് 19 ചരിത്രത്തിൽ ഏറ്റവും കൂടുതൽ തുക മിച്ചം വെക്കാൻ കഴിഞ്ഞതായിരുന്നു.

പള്ളിയുടെ പാരിഷ്ഹാളിനു വേണ്ടത്ര സൗകര്യം ഉണ്ടായിരുന്നില്ല. അതുപോലതന്നെ അതിന്റെ അടുക്കളയും പാരിഷ് ഹാളിനു ഒരു സ്റ്റേജും ആവശ്യമായിരുന്നു. ഇതെല്ലാം പള്ളിയുടെ പൈസ ഒന്നും ഉപയോഗിക്കാതെ നടത്തുകയും ആവശ്യത്തിനു വേണ്ട മേശയും കസേരയും വാങ്ങി സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. അങ്ങിനെ പാരീഷ് ഹാളിൽനിന്നുള്ള വരുമാനം മൂന്നിരട്ടിയായി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞു. ഇത് അച്ചൻ ഒരു 'സാമ്പത്തിക കാര്യവിദഗ്ദ്ധൻ' ആണു എന്നു തെളിയിക്കുന്ന ഒന്നായിരുന്നു. ഉപഭോക്താവിൻനിന്നു മുൻകൂറായി കൂപ്പൺ സമ്പ്രദായത്തിൽ തുക കണ്ടെത്താൻ അച്ചൻ പ്രകടിപ്പിച്ച സൂക്ഷ്മ ബുദ്ധിയും വൈദഗ്ദ്ധ്യവും ഇടവകയിൽ നടന്ന പല പ്രവർത്തനങ്ങളിലും കാണാൻ കഴിഞ്ഞു എന്നതും ജനങ്ങൾ അനുഭവത്തിൽ ബോദ്ധ്യപ്പെട്ട വസ്തുതയാണ്.

വളരെയേറെ ശ്രദ്ധ ആകർഷിച്ച മറ്റൊരു പ്രവർത്തനമായിരുന്നു പള്ളിയുടെ മേട പണിതുയർത്തിയത്. അതിമനോഹരമായ ഒരു മേട. പള്ളിയുടെ ഒരിഞ്ചു സ്ഥലംപോലും എടുക്കാതെ പള്ളിയുടെ നിലവിലുള്ള വിങ്ങിന്റേയും സാക്രിസ്റ്റിയുടേയും മേലെയാണു മേട പണിതുയർത്തിയത്. വളരെ വിശാലമായ ഒരു ഓഫീസ് മുറി, രണ്ട് ബെഡ്റൂം, ഒരു ഹാൾ, അടുക്കള എന്നിങ്ങനെ അത്യാധുനികമായ ഒരു മനോഹര സൗധമായി നിലകൊള്ളുന്നു. ഇതിനുവേണ്ടി ജർമ്മനിയിൽനിന്നു ലഭിച്ച സഹായവും ഇടവകയിൽ നിന്നുതന്നെ സ്വരൂപിച്ച സംഭാവനകളും പല വ്യക്തികളിൽ നിന്നും ലഭിച്ച തുകയും ഉപയോഗിച്ചു 9 മാസംകൊണ്ട് പണി പൂർത്തിയാക്കി. 2003 ഡിസംബർ 3-ാം തീയതി അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് മേടയുടെ ഉൽഘാടനം നിർവ്വഹിച്ചു. അതോടൊപ്പം തന്നെ പഴയ മേടയായി





ഉപയോഗിച്ചിരുന്ന സ്ഥലം ഒരു ഹാൾ ആയി മാറ്റം വരുത്തുകയും അങ്ങിനെ പാരീഷ് ഹാളിന്റെ സൗകര്യം ഇരട്ടിയായി വർദ്ധിപ്പിക്കുകയും ചെയ്തു.

പള്ളിയുടെ തെക്കുവശത്തായി ആന്റണി കൊച്ചുകരിയിൽ അച്ചന്റെ കാലത്തു വാങ്ങിയ പുറവയുടെയും നിലത്തിന്റേയും ചേർന്ന് കിടക്കുന്ന ഏതാണ്ട് 20 സെന്റ് വെള്ളച്ചാൽ വാങ്ങുന്നതിനുള്ള ശ്രമം നടത്തിയിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് കണ്ടെത്താൻ കഴിയാതിരുന്നതുകൊണ്ട് വാങ്ങാൻ കഴിഞ്ഞിരുന്നില്ല. വൈകിയാൽ സ്ഥലം നഷ്ടപ്പെട്ടേക്കുമോ എന്ന ഭയവും ഉണ്ടായിരുന്നു. പാലക്കനച്ചൻ അതിന്റെ അടിയന്തിരസ്വഭാവം മനസ്സിലാക്കുകയും അതിനുവേണ്ടി വിശേഷാൽ സംഭാവന സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തി അതിനുള്ള നടപടികൾ നവീകരിക്കുകയും ജപമാല മാസത്തിലുള്ള സംഭാവന ഈ ഒരു പ്രത്യേക ഉദ്ദേശത്തിനുവേണ്ടിയാണു എന്നു ജനങ്ങളെ മനസ്സിലാക്കുകയും, സ്നേഹകാഴ്ചയിൽനിന്നു ലഭിക്കുന്നതും നേർച്ച സദ്യയിൽനിന്നു മിച്ചം വച്ചിട്ടുള്ളതും, വ്യക്തികളിൽനിന്നു ലഭിച്ച പ്രത്യേക സംഭാവനകളും ഒക്കെ സ്വരൂപിച്ചു സ്ഥലം വാങ്ങുകയും പള്ളി കോംപൗണ്ട് സുരക്ഷിതമാക്കുന്നതിനുവേണ്ടി സ്ഥലം നികത്തി 104 അടി നീളത്തിൽ മതിൽ കെട്ടുകയും ചെയ്തു. വളരെ ശ്രമകരവും സാമ്പത്തിക ബാദ്ധ്യതകൾ ഉൾക്കൊള്ളുന്നതുമായ ഈ പരിപാടി അച്ചൻ വളരെ കാര്യക്ഷമമായി നടത്തിയതിൽ ജനങ്ങൾക്കുള്ള നന്ദിയും കടപ്പാടും തുറന്നു പ്രകടിപ്പിക്കുകയുണ്ടായി.

ഒരു ഇടവകയുടെ ആവശ്യങ്ങൾ നിരവധിയാണ്. പലപ്പോഴും ഇടവക ജനങ്ങൾപോലും ചിന്തിച്ചിട്ടില്ലാത്ത കാര്യങ്ങൾ കണ്ടെത്തി അതിനുവേണ്ടി പ്രവർത്തിക്കുമ്പോഴാണ് ഒരു വൈദികന്റെ അനന്യസാധാരണമായ കഴിവിനെക്കുറിച്ച് ജനങ്ങൾ മനസ്സിലാക്കുന്നത്. അതിനു ഒരു തെളിവാണു ചിറയ്ക്കൽ ഇടവകയിൽ

സേവ്യർ അച്ചൻ ആരംഭിച്ച സി.ഡി. ലൈബ്രറിയും കംപ്യൂട്ടർ ക്ലാസ്സും. അതിനുവേണ്ടി അച്ചൻ 20 അടി നീളത്തിൽ രണ്ടു നില കെട്ടിടത്തിന്റെ ഫൗണ്ടേഷനോടുകൂടി ഒരു കെട്ടിടം നിർമ്മിക്കുകയും അതു വൈഡ്സിന്റെ മേൽനോട്ടത്തിൽ കംപ്യൂട്ടർ ക്ലാസ്സും തയ്യൽ ക്ലാസ്സും, കൺസ്യൂമർ സ്റ്റോറും നടത്തുന്നതിനു വിട്ടുകൊടുക്കുകയും ചെയ്തു. കംപ്യൂട്ടർ സെന്ററിന്റേയും സി.ഡി ലൈബ്രറിയുടേയും ഉൽഘാടനം മുൻ വികാരി ജനറലും ഇപ്പോൾ പുനലൂർ ബിഷപ്പുമായ റവ. ഡോ. ജോസഫ് കരിയിൽ 2007 ഫെബ്രുവരി 27 ന് നിർവ്വഹിക്കുകയുണ്ടായി.

ജനങ്ങളുടെ ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും ഏറ്റുവാങ്ങി സേവ്യർ അച്ചൻ ജനുവരി 29-ാം തീയതി വി. യൗസേപ്പിതാവിന്റെ അനുഗ്രഹത്താൽ സമ്പന്നമായ കണ്ണമാലിപള്ളിയിലേക്കു സ്ഥലം മാറിപോയി.

പഴങ്ങാട്ടു സെന്റ് ജോർജ്ജ് പള്ളിയിൽനിന്നും അനേകം കാറുകളുടെ അകമ്പടിയോടും ജനങ്ങളുടെ ആർപ്പുവിളികളോടും കൂടി ചിറയ്ക്കൽ പള്ളിയിൽ വന്നിറങ്ങിയ അഗസ്റ്റിൻ നെല്ലിക്കാവെളി അച്ചൻ വിജയശ്രീലാളിതനായ ഒരു യോദ്ധാവിനെപ്പോലെ നടന്നു നീങ്ങിയപ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ കാത്തുനിന്ന ഇടവക ജനങ്ങങ്ങളുടെ മനസ്സിൽ പ്രതീക്ഷയുടെ പുത്തൻ ഉണർവ് അനുഭവപ്പെട്ടുകയായിരുന്നു. എല്ലാം ചിട്ടയോടും കൃത്യനിഷ്ഠയോടുംകൂടെ ചെയ്യുന്നതിനുള്ള അച്ചന്റെ പ്രത്യേക ശൈലി ഫലം കണ്ടു തുടങ്ങി എന്നു ജനങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞു. പുതിയ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഞായറാഴ്ചയിലെ ദിവ്യബലി വളരെ മനോഹരമായി പാടി അർപ്പിക്കുന്നത് ഒരു പ്രത്യേക അനുഭവമായി ജനങ്ങൾ തിരിച്ചറിയുന്നു. പള്ളിയിൽ ദിവ്യബലിക്കു എത്തുന്നവരുടെ എണ്ണവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.





ഇനിയും മുൻഗണനാക്രമത്തിൽ ചെയ്തു തീർക്കേണ്ട പല പദ്ധതികളും അച്ചന്റെ മനസ്സിൽ രൂപം കൊള്ളുന്നുണ്ട്. സെമിത്തേരി യുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതി. അതിനുവേണ്ടി അടുത്തുള്ള സ്ഥലം വാങ്ങേണ്ടതു അത്യാവശ്യമായി കണക്കാക്കേണ്ടതാണ്. സ്ഥലവിലയിലുണ്ടായ വർദ്ധനവ് അതോടൊപ്പം തന്നെ അഗസ്റ്റിനച്ചൻ കൊടുത്തീർക്കേണ്ടതായി വന്നിട്ടുള്ള മുൻ കട ബാദ്ധ്യത, സേവ്യർ പാലക്കലച്ചന്റെ കാലത്തു വിവാഹഫണ്ടു പിരിച്ചുവിട്ടതിന്റെ ബാദ്ധ്യതയും സ്ഥലം വാങ്ങിച്ചപ്പോഴുണ്ടായ ബാദ്ധ്യതയും തീർക്കുന്നതിനുള്ള ശ്രമത്തിലാണച്ചൻ. അച്ചൻ ഇതു ഒരു വെല്ലുവിളിയായി തന്നെ ഏറ്റെടുത്തിരിക്കുകയാണ്. തീർച്ചയായും സെമിത്തേരി വികസനം അച്ചന്റെ അജണ്ട യിൽ സജീവമാണ്. അച്ചൻ അതു നടത്തിയെടുക്കും എന്നു തന്നെയാണു ഇടവക ജനങ്ങളുടെ വിശ്വാസം. അതുപോലെതന്നെ അൾത്താര നവീകരണവും അച്ചന്റെ മനസ്സിൽ സജീവപരിഗണനയിലാണ്. ഏതായാലും ഇടവകയിൽ കണ്ടു തുടങ്ങിയിട്ടുള്ള ആത്മീയ തലത്തിലുള്ള പുതിയ ഉണർവ്വും പ്രാർത്ഥന യും വരും നാളിൽ അച്ചനു മുന്നോട്ടു പോകുന്നതിനുള്ള കരുത്തു നൽകും എന്നു തീർച്ചയാണ്.

# LUX MUNDI :

## A DIOCESAN INSTITUTE FOR RELIGIOUS STUDIES ACADEMIC YEAR 2007-2008

Rector : **Rev. Fr. Antony Anchuthaikal, B.A., S.T.L., L.T.A.**

Secretary : **Rev. Sr. Celine C.S.A.C.**

Name of the Professors and their subjects for Postulants in the First Semester

| SUBJECT | | PROFESSOR |
|---|---|---|
| Theology of Revelation and Faith | : | Rev. Fr. Francis Kurisinkal |
| Sacraments | : | Rev. Fr. Antony Anchuthaikal |
| Inspiration of the Bible in the Life of Church | : | Rev. Fr. Antony Nedumparambil |
| Psychology | : | Rev. Fr.Sibi Cheruthiyil |
| Theology of Psalms | : | Rev. Fr. Edwin Valiyaparambil |
| Ancient Church History | : | Rev. Fr. Tomy Chambakatt |
| Liturgy | : | Rev. Fr. Martin Mattammel |
| Social Teachings of the Church | : | Rev. Fr. Rexon Chullikkal |

**Professors and their subjects for the Novices in the First Semester**

| | | |
|---|---|---|
| Consecrated Life | : | Rev. Fr. Joy Mattammel |
| Community Life | : | Rev. Sr. Kusumam A. |
| Catechetics | : | Rev. Fr. Sebastian Iriyangalath |
| Gospel According to St. Mark | : | Rev. Fr. Augustine OSA. |





| | Names of the Postulants | Convent |
|---|---|---|
| 1. | Anitha B. | Piarist Convent |
| 2. | Anitha Pappachan | Divine Providence Convent |
| 3. | Alphonsa T.S. | Mercy Convent |
| 4. | Alphonsa Manju | Divine Providence Convent |
| 5. | Agnes Paul | Piarist Convent |
| 6. | Announcia Cathrine | Cottolengo Convent |
| 7. | Aleena K.A. | Nativity Convent |
| 8. | Antony Jenet Pokkisham | Cottolengo Convent |
| 9. | Benshia Jenet | Nativity Convent |
| 10. | Brindicy S. | Victory Convent |
| 11. | Celin Jinu K.G. | Divine Providence Convent |
| 12. | Dono E.X. | Victory Convent |
| 13. | Dixy Joshy | Victory Convent |
| 14. | Fincy K.F. | Divine Providence Convent |
| 15. | Josmy M.J. | Divine Providence Convent |
| 16. | Johncy P.J. | Nativity Convent |
| 17. | Juliet | Cottolengo Convent |
| 18. | Jelsy K.N. | Mercy Convent |
| 19. | Jereena A.J. | Consolata Convent |
| 20. | Jintu Jose | Divine Providence Convent |
| 21. | Leelamma J. | Cottolengo Convent |
| 22. | Lissy K.J. | Divine Providence Convent |
| 23. | Lissy P.M. | Divine Providence Convent |
| 24. | Merly Fraisy M.E. | Divine Providence Convent |
| 25. | Mary Jacob | Divine Providence Convent |
| 26. | Mary Helen A.S. | Divine Providence Convent |
| 27. | Mary Exmy K.X. | Divine Providence Convent |
| 28. | Mary Murmu | Nativity Convent |
| 29. | Mary Sherin P.S. | Nativity Convent |
| 30. | Mary Roshin K.P. | Victory Convent |
| 31. | Mary Dora | Piarist Convent |
| 32. | Mareena Greeshma K.P. | Divine Providence Convent |

| | | |
|---|---|---|
| 33. | Nancy T.V. | Divine Providence Convent |
| 34. | Rosely L. | Divine Providence Convent |
| 35. | Remya C.K. | Victory Convent |
| 36. | Shijomol V.J. | Consolata Convent |
| 37. | Soumya T. Joseph | Consolata Convent |
| 38. | Shanthamari | Piarist Convent |
| 39. | S. Sudha | Nativity Convent |
| 40. | Salomi P. Cyrus | Victory Convent |
| 41. | Seena Sictus | Victory Convent |
| 42. | Sahaya Vergil R. | Victory Convent |
| 43. | Soushya Joseph | Victory Convent |
| 44. | Sofiya S. | Piarist Convent |
| 45. | Tiny M.A. | Victory Convent |
| 46. | Tinu Joseph V.J. | Consolata Convent |

| | Name of the Novices | Convent |
|---|---|---|
| 1. | Alicemol J. | Consolata Convent |
| 2. | Alphonsa K.A. | Philip Neri Convent |
| 3. | Celine K.J. | Philip Neri Convent |
| 4. | F. Lourdu Cesar Nisha | Victory Convent |
| 5. | Jasmine K.S. | Divine Providence Convent |
| 6. | Jenani M. | Victory Convent |
| 7. | Jeyanthi A. | Victory Convent |
| 8. | Ligi Francis | Consolata Convent |
| 9. | Megala F. | Victory Convent |
| 10. | Mercy V.J. | Sanjo Bhavan Convent |
| 11. | Nicy K.L. | Consolata Convent |
| 12. | Philmy Mathew | Philip Neri Convent |
| 13. | Reeja George | Catherine Convent |
| 14. | Sahaya Anushab | Victory Convent |
| 15. | Shibin Mary | Piarist Convent |
| 16. | Subi P.F. | Sanjo Bhavan Convent |
| 17. | Sukanya P.C. | Divine Providence Convent |
| 18. | Tynie K.L. | Philip Neri Convent |





## ജൂബിലിവർഷചിന്തകൾ

**ഫാ. ഗാസ്പർ**

**ജൂ**ബിലി ചില മനോഭാവങ്ങളുടേതുമാണ്. നിലവിലുള്ള രാഷ്ട്രീയ - സാമൂഹ്യ - സാമ്പത്തിക തത്വങ്ങളുടെ സങ്കീർണ്ണതകൾക്കപ്പുറം നിഷ്ക്കളങ്കമായ ചില ചോദ്യങ്ങൾ ഈ മനോഭാവങ്ങളിൽ നിന്നാണ് ഉത്ഭവം കൊള്ളുന്നത്. നിഷ്ക്കളങ്കമായ ഈ ചോദ്യങ്ങളത്രയും വിഡ്ഢിത്തമായി തോന്നുമെങ്കിലും ഇത്തരം വിഡ്ഢിച്ചോദ്യങ്ങളിലാണ് മതത്തിന്റെ ഊർജ്ജമത്രയും സംഭരിക്കപ്പെട്ടിരിക്കുന്നത്.

എല്ലാവർക്കും അവകാശപ്പെട്ട ഭൂമി കുറച്ചു പേരുടെ മാത്രം സ്വന്തമാകുന്നതെങ്ങിനെ ? എല്ലാവർക്കും അവകാശമുള്ള വിഭവങ്ങൾ കുറച്ചു പേർ മാത്രം ഉപഭോഗിക്കുന്നതെന്തുകൊണ്ട്? ചിലരിൽ മാത്രം സമ്പത്ത് കുമിഞ്ഞു കൂടുകയും ദരിദ്രരെന്ന വിഭാഗം രൂപപ്പെടുന്നതുമെങ്ങിനെ ? ചോദ്യങ്ങൾ കാക്കത്തൊള്ളായിരത്തോളം പെരുക്കിയെടുക്കാനാകും. ഈ ചോദ്യങ്ങൾ അത്രയ്ക്കു വിഡ്ഢിത്തമാണോ ? മനുഷ്യനെക്കുറിച്ചും സമൂഹത്തെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള പുതിയ ദർശനങ്ങളായി പൊട്ടിവിടരാനുള്ള ഊർജ്ജമത്രയും ഈ ചോദ്യങ്ങളിൽ തളം കെട്ടി നിൽപ്പുണ്ട്.

അപകടകരമായ ഓർമ്മയായ കുർബ്ബാനയുടെ പൊട്ടിത്തെറിക്കലുകൾ മുഴുവൻ ഭക്തിയുടെ നനുത്ത തുണിയിൽ നമ്മൾ പൊതിഞ്ഞു കെട്ടിയതുപോലെ, നിഷ്ക്കളങ്ക ചോദ്യങ്ങളുടെ ഊർജ്ജം ആഘോഷത്തിന്റെ വർണ്ണ ശബളിമയിൽ കെടുത്താതിരിക്കേണ്ടതിന് 'Thy will be done on Earth as in Heaven' എന്ന് പ്രാർത്ഥിക്കണം നമ്മൾ. ✺

## ജൂബിലിവർഷ പരിപാടികൾ - സെപ്തംബർ

**രൂപത തലം**

സെപ്തംബർ 22 - ഒക്ടോബർ 1 : വിശുദ്ധ നാട് തീർത്ഥാടനം

**ഇടവകതലങ്ങളിൽ**

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 1-3 | സെന്റ് സെബാസ്റ്റ്യൻസ്, ചെല്ലാനം | മരിയൻ നവീകരണധ്യാനം |
| 1-30 | സെന്റ് ആന്റണീസ്, കണ്ണമാലി | യുവജനശാക്തീകരണ മാസം |
| 1-30 | സെന്റ് മേരീസ്, ഇടക്കൊച്ചി | ഭവനപ്രതിഷ്ഠമാസം |
| 1-30 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | "ആരോഗ്യം": രോഗിസന്ദർ ശനമാസം |
| 1-2 | സെന്റ് ജോർജ്ജ്, പഴങ്ങാട് | ദമ്പതി ധ്യാനം |
| 1-2 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ക്രിസ്റ്റീൻ ധ്യാനം |
| 1-5 | സെന്റ് പീറ്റർ & പോൾ, അമരാവതി | ഗോവ തീർത്ഥാടനം |
| 1-30 | സെന്റ് മാർട്ടിൻ ഡി പോറസ്, കല്ലഞ്ചേരി | ജൂബിലി സ്കോളർഷിപ്പ് രൂപീകരണം |
| 1 | ഹോളി ഫാമിലി, നസ്രത്ത് | "കാരുണ്യം" : വസ്ത്ര വിതരണം |
| 2 | സേക്രട്ട് ഹാർട്ട്, കുമ്പളങ്ങി | യൂത്ത് സെമിനാർ |
| 2 | സെന്റ് ജോസഫ്സ്, ചെറിയകടവ് | വൃദ്ധസംഗമം |
| 2 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | കരിയർ ഗൈഡൻസ് ക്ലാസ്സ് |
| 3 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | മരിയൻ ദിനം |
| 3-5 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ആന്തരിക സൗഖ്യധ്യാനം |
| 5 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 7-14 | ജീവമാതാ, മട്ടാഞ്ചേരി | നവീകരണധ്യാനം |
| 8 | സെന്റ് ജോസഫ്സ്, ചിറക്കൽ | മരിയൻ തീർത്ഥാടനം |
| 8 | സെന്റ് ജോർജ്ജ്, അർത്തുങ്കൽ | ജൂബിലി സ്മാരക ഭവനങ്ങളുടെ (5) ശിലാ സ്ഥാപനം |
| 8 | ഹോളി ഫാമിലി, നസ്രത്ത് | മരിയൻ തീർത്ഥാടനം |
| 8 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | സന്ന്യസ്ത സംഗമം |
| 8 | ,, | തെരുവു നാടകം |
| 9 | ,, | വിൻസെന്റ് ഡി പോൾ സൊസൈറ്റി സംഗമം |
| 9-14 | ,, | ആന്തരിക സൗഖ്യവളർച്ച ധ്യാനം |
| 9 | സെന്റ് ലൂയീസ്, മുണ്ടംവേലി | ഏകസ്തരുടെ സംഗമം |
| 9 | സാന്റാക്രൂസ്, പെരുമ്പടപ്പ് | നേത്രചികിത്സ ക്യാമ്പ് |
| 9 | സെന്റ് ജോർജ്ജ്, പഴങ്ങാട് | ഗാർഹിക തൊഴിലാളികൾക്കുള്ള ബോധവത്ക്കരണ സെമിനാർ |
| 9 | സെന്റ് ഫ്രാൻസിസ് അസ്സീസി, കാട്ടിപ്പറമ്പ് | സ്ത്രീശാക്തീകരണ സെമിനാർ |
| 9 | സെന്റ് ജോസഫ്സ്, ചെറിയകടവ് | സെമിനാർ - അൽഷൈമർ |
| 9 | സെന്റ് അഗസ്റ്റിൻസ്, അരൂർ | ഭക്തസംഘടനകളുടെ സംഗമം |
| 12 | ഹോളി ഫാമിലി, നസ്രത്ത് | "ആത്മാവിൽ": ഏകദിന ധ്യാനം |

| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 12 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 13 - 16 | ,, | ഇടവക ദിനാഘോഷങ്ങൾ |
| 15 | സെന്റ് ജോസഫ്സ്, വല്ലത്തോട് | തീർത്ഥാടനം |
| 16 | സെന്റ് ജോസഫ്സ്, ചുള്ളിക്കൽ | "സാന്ത്വനം": വൃദ്ധജന സംഗമം |
| 16 | സെന്റ് സെബാസ്റ്റ്യൻസ്, തോപ്പുംപടി | നേത്രചികിത്സ ക്യാമ്പ് |
| 16 | സെന്റ് ഫ്രാൻസീസ് സേവ്യഴ്സ്, വയലാർ | വൃദ്ധസംഗമം |
| 16 | സെന്റ് ജോസഫ്സ്, ചെറിയകടവ് | ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാർ |
| 16 | സെന്റ് അഗസ്റ്റിൻസ്, അരൂർ | നേത്രദാനസമ്മതപത്ര സമർപ്പണം |
| 16 | സെന്റ് മേരീസ് ഇടക്കൊച്ചി | പരേതസ്മരണ |
| 16 - 21 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ആന്തരിക സൗഖ്യവളർച്ച ധ്യാനം |
| 17 | സെന്റ് മേരീസ്, തങ്കി | അദാലത്ത് |
| 17 - 22 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | വളർച്ച ധ്യാനം |
| 19 | ,, | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 22 | സെന്റ് ജോസഫ്സ്, ചിറക്കൽ | സ്ത്രീശാക്തീകരണ സെമിനാർ |
| 23 | സെന്റ് ഫ്രാൻസീസ് അസ്സീസി കാട്ടിപ്പറമ്പ് | വനിതാ സംഗമം |





| തിയതി | ഇടവക | പ്രോഗ്രാം |
|---|---|---|
| 23 | സെന്റ് അഗസ്റ്റിൻസ്, അരൂർ | സീനിയർ സിറ്റിസൺ ഫോറം രൂപീകരണം |
| 23 | സെന്റ് മേരീസ്, ഇടക്കൊച്ചി | ഫോർട്ടുകൊച്ചി ബസിലിക്ക തീർത്ഥാടനം |
| 23 | സെന്റ് തോമസ്മൂർ, പള്ളുരുത്തി | ചരിത്രപഠനദിനം |
| 23 - 28 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ആന്തരിക സൗഖ്യവളർച്ച ധ്യാനം |
| 25 | സെന്റ് ജോസഫ്സ്, കുമ്പളങ്ങി | ഏകദിനധ്യാനം |
| 26 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | ഫോർട്ടുകൊച്ചി ജനറൽ ആശുപത്രിയിൽ രാത്രി ഭക്ഷണം |
| 27 | ഹോളി ഫാമിലി, നസ്രത്ത് | വിവാഹധനസഹായ വിതരണം |
| 29 | സാന്താക്രൂസ് കത്തീഡ്രൽ ബസിലിക്ക, ഫോർട്ടുകൊച്ചി | വിധവസംഗമം |
| 30 | ഹോളി ഫാമിലി, നസ്രത്ത് | ചരിത്രപഠനം |
| 30 | സെന്റ് ലോറൻസ്, പള്ളുരുത്തി | ദമ്പതിസംഗമം |

# ജൂബിലി വർഷ രൂപത വാർത്തകൾ

## ICM സിസ്റ്റേഴ്സിന് സ്വാഗതം

1897ൽ തമിഴ് നാട്ടിൽ, കന്യാകുമാരി ജില്ലയിൽ മുളകുംമൂട് എന്ന സ്ഥലത്ത് ബൽജിയൻ സന്യാസിനി മരിയ ലൂയിസ് ഡെമിസ്റ്റർ ആരംഭിച്ച ICM (Immaculatis Cordis Mariae) സന്യാസ സമൂഹം കൊച്ചി രൂപതയിൽ സേവനത്തിനായി പ്രഥമ ഭവനം ആരംഭിച്ചിരുക്കുന്നു. "Passion for God and Compassion for the people" എന്ന ആദർശവാക്യവുമായി ജൂബിലിയുടെ നിറവിൽ നില്ക്കുന്ന കൊച്ചി രൂപതയിൽ ശുശ്രൂഷയ്ക്കായി എത്തിയിട്ടുള്ള സഹോദരിമാർ പെരുമ്പടപ്പിൽ ഒരു വാടക വീട്ടിലാണ് താമസം തുടങ്ങിയിരിക്കുക. പ്രസ്തുത ഭവനത്തിന്റെ ആശീർവ്വാദം അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവ് ജൂലൈ 29 ന് നടത്തി. പിതാവിനോടൊത്ത് രൂപതയിലെ വൈദികരും സന്യസ്തരും അല്മായരും സന്നിഹിതരായിരുന്നു. ബഹു. സിസ്റ്റേഴ്സിന് രൂപതയിലേയ്ക്ക് ഹൃദ്യമായ സ്വാഗതം. ഒപ്പം പ്രാർത്ഥനാപൂർവ്വം ആശംസകളും.

## ഫാത്തിമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്

കൊച്ചി രൂപതയുടെ കീഴിലുള്ള പെരുമ്പടപ്പ് ഫാത്തിമ ആശുപത്രിയിൽ പാരമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചു. ഫാത്തിമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഉദ്ഘാടനവും കോഴ്സുകളുടെ ആരംഭവും കുറിച്ചുകൊണ്ട് അഭിവന്ദ്യ ജോൺ തട്ടുങ്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മെഡിക്കൽ ട്രസ്റ്റ് ആശുപത്രി മാനേജിങ് ഡയറക്ടർ ശ്രീ. ആന്റണി പുള്ളിക്കൽ നിലവിളക്കു കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. എറണാകുളം ജില്ല ഭാരത് സേവക് സമാജിന്റെ കോഡിനേറ്റർ ശ്രീ. പീറ്റർ മുഖ്യ പ്രഭാഷണം നടത്തിയ യോഗത്തിൽ കൗൺസിലർ ശ്രീ. പ്രേംകുമാർ, ഡോ. ജോൺ പി. മത്തായി, കൊച്ചി രൂപത പ്രോക്യൂറേറ്ററും ഫാത്തിമ ഹോസ്പിറ്റൽ





ഡയറക്ടറുമായ ഫാദർ സേവ്യർ ചിറമേൽ എന്നിവർ പ്രസംഗിച്ചു.

പാരമെഡിക്കൽ കോഴ്സുകളായ എക്സ്റേ ടെക്നിഷ്യൻ, ഫാർമസി അസിസ്റ്റന്റ്, ലാബ് ടെക്നിഷ്യൻ എന്നിവയും രണ്ടു വർഷത്തെ ഡിപ്ലോമ ഇൻ നേഴ്സിങ് അസിസ്റ്റന്റ് കോഴ്സും ഈ വരുന്ന സെപ്റ്റംബർ 1-ാം തീയതിയോടെ ആരംഭിക്കുന്നതാണ് എന്ന് ഫാത്തിമ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ ഡയറക്ടർ ഫാദർ തമ്പി ആന്റണി അറിയിച്ചു.

## വൈദികരുടെ വാർഷികധ്യാനം നടത്തി

സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 1 വരെയുള്ള തിയതികളിലായി ഇടക്കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ വൈദികരുടെ വാർഷിക ധ്യാനം രണ്ടു ബാച്ചുകളിലായി നടന്നു. ആദ്യ ബാച്ചിൽ 41 പേരും രണ്ടാമത്തെ ബാച്ചിൽ 33 പേരും പങ്കെടുത്തു. മാവേലിക്കര രൂപതാദ്ധ്യക്ഷൻ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസാണ് ധ്യാനത്തിന് നേതൃത്വം നല്കിയത്.

# BISHOP'S ENGAGEMENTS IN SEPTEMBER - 2007

| DATE | TIME | VENUE | PURPOSE |
|---|---|---|---|
| 01 Sat | <br>02.30 p.m.<br>04.00 p.m.<br>06.30 p.m. | APC<br>Ernakulam<br>Ernakulam<br>Chullickal | Annual Retreat Conclusion<br>ESS-KLM Meeting on Tea Plantation Workers<br>Jeevanaadam Board Meet<br>Mass at Gleaner's House |
| 02 Sun | 10.30 am.<br>03.00 p.m. | Fort Cochin<br>APC | Mass-35 years of Cottolengo Sisters<br>Mass for Excellence Training (Parents & Students) |
| 03 Mon | 09.00 am.<br>03.30 p.m. | Bishop's House<br>Kallancherry | Meeting People<br>Ordination of Dn. Martin - Mercedarian |
| 04 Tue | | Aluva | Class at Carmelgiri |
| 05 Wed | 06.30 a.m.<br>03.00 p.m. | Eravely<br>Perumpadappu | 10th D.A. of Mother Theresa - Feast Mass at M.C.Convent<br>Holy Cross Hospice Board Meeting |
| 06 Thu | 09.00 a.m.<br>03.30 p.m. | Bishop's House<br>Bishop's House | Meeting People<br>Coordination Committee |
| 07 Fri | 09.00 a.m.<br>04.00 p.m.<br>06.00 p.m. | Bishop's House<br>Ernakulam<br>Moolampally | Office Work<br>Jeevanaadam Board Meet<br>St. Augustine's Feast - Flag Hoisting |
| 08 Sat | 09.30 a.m.<br>04.00 p.m. | Bishop's House<br>Chellanam | Diocesan Pastoral Council (KRLCC - Ed. Policy)<br>Mass - Feast at Velankanni Chapel |
| 09 Sun | 03.00 p.m. | Chullickal | Profession at Don Daste - Chullickal Church |





| | | | |
|---|---|---|---|
| 10 Mon | 09.00 am. | Bishop's House | Meeting People |
| 11 Tue | <br>05.00 p.m. | Aluva<br>Bishop's House | Class at Carmelgiri<br>Jubilee Committee Meeting |
| 12 Wed | 05.30 p.m. | Ochanthuruth | Flag Hoisting - Mass at Holy Cross |
| 13 Thu | 09.00 am. | Bishop's House | Meeting People |
| 14 Fri | 07.00 a.m.<br>09.00 a.m.<br>04.00 p.m. | Perumpadappu<br>Bishop's House<br>Ernakulam | Mass - Feast at Holy Cross Hospice<br>Office Work<br>Jeevanaadam Board Meet |
| 15 Sat | 05.30 p.m. | Muttinakam | Mass - St. Mary's Feast |
| 16 Sun | 10.00 a.m.<br>02.30 p.m.<br>03.00 p.m. | Mattancherry<br>APC<br>APC | Feast - Mass at Holy Cross<br>Annual Meeting of St. Vincent De Paul Society<br>Gathering of Pilgrimage Group to Holy Land |
| 17 Mon | 09.00 am. | Bishop's House | Meeting People |
| 18 Tue | | Aluva | Class at Carmelgiri |
| 19 Wed | 06.30 p.m. | Assisi Sadan | Mass |
| 20 Thu | 09.00 a.m.<br>05.00 p.m. | Bishop's House<br>Nazareth | Meeting People<br>Mass-1st D.A. of Carla Borgheri at St. Joseph's Convent |
| 21 Fri | 09.00 a.m.<br>04.00 p.m. | Bishop's House<br>Ernakulam | Office Work<br>Jeevanaadam Board Meet |
| 22 Sat | 07.30 am. | | Pilgrimage for Holy Land till Oct. 1 |

## FROM THE BISHOP'S DIARY

### AUGUST 2007

| Date | Time | Purpose |
|---|---|---|
| 3rd Fri | | P. Aldo/Don Pasquel : Visit : Hospital, Pastoral Centre, Lunch at B.H. |
| 16th Thu | 11.15 a.m. | Marriage Blessing at Ezhupunna |
| | 03.00 p.m. | Academic Year Inauguration - St. Joseph's Thoppumpady |
| 25th Sat | 03.00 p.m. | Kannamaly Retreat Hall |

**പ്രീ – കാന കോഴ്സ്**

**2007 സെപ്റ്റംബർ**

**6, 7, 8, 9 & 27, 28, 29, 30**

**തിയതികളിൽ**







## പിന്നാമ്പുറം

# നീതി

റവ. ഫാ. ജോൺസൺ തൗണ്ടയിൽ

ശരിതെറ്റുകളെ നിർവ്വഹിക്കുവാനുള്ള മാർഗ്ഗരേഖകൾ പല കോണുകളിൽനിന്നും മനുഷ്യന് ലഭിക്കുന്നുണ്ട്. മതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളായോ, സാമൂഹിക നീതിബോധമായോ, മനസാക്ഷിയുടെ സ്വരമായോ മനുഷ്യൻ ഇതിനെ സ്വീകരിക്കുന്നു. തന്റെ ഇരയെ കണ്ടെത്തി ആക്രമിച്ചുകീഴടക്കി പച്ചയായി തിന്നു തീർത്ത മനുഷ്യൻ കാലക്രമേണ അതിനെ തോളിലേറ്റി പങ്കു വെയ്ക്കുവാൻ തുടങ്ങിയിടത്ത് നിയമങ്ങളുടെയും വിത്തുമുള ച്ചിട്ടുണ്ടാവണം. അതിർവരുമ്പുകളുടെയും സ്വന്തബന്ധങ്ങളു ടെയും പുതിയ അദ്ധ്യായങ്ങൾ ചരിത്രത്തോടുകൂട്ടിച്ചേർക്കു വാൻ തുടങ്ങിയിട്ടുമുണ്ടാവണം. അവകാശബോധത്തിനേറ്റ മുറിവുകൾ ലിഖിത നിയമങ്ങളും അവയോടുചേർന്നു ശിക്ഷണം രൂപപ്പെടുത്തി. നിയമങ്ങളും വ്യാഖ്യാനങ്ങളുമായി നിയമ വ്യവസ്ഥ വിപുലമാകുമ്പോൾ നന്മയാണോ തിന്മയാണോ നമ്മുടെ മുഖമുദ്രയെന്നു ചിന്തിക്കുന്നത് നല്ലതാണ്.

നിയമവ്യവസ്ഥകൾ കൈയ്യൂക്കിന്റെ ശാസ്ത്രവിധികൾക്ക പ്പുറത്തുകൂടിയാണ് ഒഴുകുന്നതെന്നത് ഒരു പൊതുധാരണയും മാനദണ്ഡവുമാണ്. ഏറ്റവും ബലഹീനനുപോലും നീതി ലഭിക്കുന്നിടത്താണ് നിയമം സാധുവാകുന്നത്. എങ്കിലും നിയമ വ്യഖ്യാനങ്ങളിൽ ശക്തരായ സമൂഹത്തിന്റെയോ വ്യക്തികളു ടെയോ സ്വാധീനം എന്നും പ്രകടമാണ്. കരുത്തുപയോഗിച്ച് നിയമം മാറ്റിയെഴുതിയവരുടെ ചരിത്രം നമ്മുടെ മുന്നിലുണ്ട്,

അതിന്റെ തുടർച്ച മറ്റു രൂപങ്ങളിൽ പ്രകടമാകുന്നത് നാം അറിയേണ്ടിയിരിക്കുന്നു. രാജാവിന്റെ സ്വരം അന്തിമവിധിയായിരുന്ന കാലം കഴിഞ്ഞു. എങ്കിലും സാധാരണക്കാരന് നീതി ലഭിക്കുവാനുള്ള പൂർണ്ണമായ സാഹചര്യം സംലഭ്യമായിട്ടില്ല. സ്വാധീനമുള്ള രാഷ്ട്രീയപാർട്ടികൾക്കും നേതാക്കൾക്കുവേണ്ടി നിരത്തപ്പെടുന്ന തെളിവുകളും സാക്ഷിമൊഴികളും നീതി നിഷേധങ്ങളായി മാറുന്നു. രാഷ്ട്രീയ സ്വാധീനമുണ്ടെങ്കിൽ ആരെയും ആർക്കും നിയമത്തിന്റെ വഴിയിലൂടെ തന്നെ കുരുക്കാം എന്നത് നല്ല ലക്ഷണങ്ങളല്ല. ഇതൊരു സമുദായത്തിന് നീതി നിഷേധവും ജീവിക്കുവാനുള്ള അവകാശത്തിൻമേലുള്ള കടന്നു കയറ്റവുമായി മാറും. സ്വതന്ത്രമായി കോടതിയിലെത്തി മൊഴി നൽകിയവൻ പോലീസ് കസ്റ്റഡിയിൽനിന്നുകൊണ്ട് രണ്ടാം പ്രാവശ്യം ഹാജരാക്കപ്പെട്ടപ്പോൾ മൊഴി മാറ്റിപ്പറഞ്ഞ് നാടിനെ നാണം കെടുത്തി 'ഉരുട്ടിക്കൊല' തന്നെ ഇതിനു നല്ല സാക്ഷ്യമാണ്.

നാം ജീവിക്കുന്ന സമൂഹത്തിൽ നിയമങ്ങൾക്ക് ഒരു കുറവുമില്ല. എങ്കിലും നീതി നടപ്പിലാക്കപ്പെടുന്നില്ല എന്ന സത്യം നാം അംഗീകരിക്കേണ്ടിവരും. നിയമ വ്യവസ്ഥകളെ ചോദ്യം ചെയ്യുവാൻ നമുക്ക് അവകാശമില്ല എങ്കിലും നിയമവ്യവസ്ഥ തന്നെ അനീതിയായി മാറുമ്പോൾ പ്രതികരിക്കുവാൻ നമുക്ക് കടമയുണ്ട്. വ്യാഖ്യാനങ്ങൾകൊണ്ടു പൊറുതി മുട്ടിയ നിയമങ്ങൾ ചിലരുടെ കൈകളിൽ ഒതുങ്ങിയിടത്താണ് ക്രിസ്തുനാഥൻ പ്രതികരിച്ചത്. ഫരിസേയർ തങ്ങളുടെ വ്യക്തിതാൽപര്യങ്ങൾക്കുവേണ്ടി ഊതിവീർപ്പിച്ച നിയമങ്ങളിൽ സാധാരണക്കാരന് ശ്വാസം മുട്ടിയപ്പോൾ ചോദ്യങ്ങളുമായി മുന്നേ നടന്നു എന്നതാണ് ക്രിസ്തുവിന്റെ വിപ്ലവം. വ്യക്തിപരമായ ലാഭ നഷ്ടത്തിന്റെ കണക്ക് അവിടെ ഇല്ലായിരുന്നു എന്നതിനാൽ ക്രിസ്തുവിന്റെ വിപ്ലവം മാനവ ദർശനമായി മാറി. ചിലപ്പോഴെങ്കിലും നമുക്ക് സ്വരം നഷ്ടമാകുന്നത് ചില ലാഭങ്ങളെക്കുറിച്ചുള്ള സ്വപ്നം മനസ്സിൽ വീഴുന്നതുകൊണ്ടുമാവാം. പ്രബലനെന്നു തോന്നുന്നവന് ഓശാന പാടുന്നവൻ സ്വന്തം





കഴിവിനെയും ശക്തിയേയും കുഴിച്ചിടുന്നവനാണ്. ആനയെ നിയന്ത്രിക്കാൻ ആനക്കാരന് ഒരു തോട്ടി മതി.

ചരിത്രത്തിലെ ഏറ്റവും വലിയ വിപ്ലവമായി ക്രിസ്തുമാറിയത് അവിടുന്ന് പ്രചരിപ്പിച്ച നിയമത്തിന്റെ പ്രത്യേകത കൊണ്ടാണ്. ലോകം എന്നും നിയമങ്ങൾ നിർമ്മിച്ചിട്ടേ ഉള്ളൂ. വ്യാഖ്യാനിപ്പിച്ചു വികസിപ്പിക്കുവാനേ നമുക്ക് കഴിഞ്ഞിട്ടുള്ളൂ. ഇതിന് ഏക വിരോധാഭാസം ക്രിസ്തു മാത്രമാണ്. അവിടുന്ന് നിയമത്തെ ചുരുക്കി. എല്ലാ നിയമങ്ങളേയും സ്നേഹം എന്ന ചെറുവാക്കിലേയ്ക്ക് ഒരുക്കി നിർത്തി. അത് ജീവൻ നൽകുന്ന പ്രക്രിയ കൂടിയായിരുന്നു. ചരിത്രത്തിൽ നമുക്കുള്ള പ്രധാന കടമ നീതിയുള്ളൊരു സമൂഹത്തിന്റെ നിർമ്മിതിയാണ്. അനീതിക്കെതിരെ ശക്തമായി നിലകൊള്ളുവാനുള്ള വലിയ കടപ്പാട് നമ്മിൽ നിക്ഷിപ്തമാണ്. അനീതി കണ്ടിട്ടും ഒട്ടകപക്ഷിയെപ്പോലെ പെരുമാറിയാൽ നാളെ തല പൂഴ്ത്തി വെയ്ക്കുവാനുള്ള മണ്ണുകൂടെ നമുക്ക് അന്യമാകാം.

All Correspondence and the matters to be
published in
THE LIGHT OF COCHIN may be addressed to:

**THE EDITOR**
**The Light of Cochin**
**Bishop's House, Fort Cochin- 682 001.**